# ക്രൈസ്തവ വനിത

May - June 2014



A fundamental Christian bi-monthly publication of the women, by the women, for the women

CHRISTIAN
WOMAN

Telephone 0471-244-8079
E-mail: jamesmundakayam@gnmindia.org
Mob: 9496261095

Editorial Board

Chief Editor
Mrs. Annamma C. John

Associate Editor
Mrs. Mary Anchan

Sub Editors
Mrs. Sherine Kingston
Mrs. Sobha Selin

*For private circulation only*

# ക്രൈസ്തവ
# വനിത

Vol. VII | May - June 2014 | No. 3

## താളുകൾ മറിക്കുമ്പോൾ

എഡിറ്റോറിയൽ 1
ക്രിസ്തു നമ്മുടെ മഹാപുരോഹിതൻ 4
വേദപുസ്തക വനിതകൾ 6
സ്ത്രീകൾക്ക് സാമൂഹ്യരംഗത്ത് .... 9
ആണും പെണ്ണും ക്രിസ്തുവിൽ ഒന്ന് 11
ഒഴിഞ്ഞ ഇരിപ്പിടം 14
ഭാര്യഭർത്താക്കന്മാരേ ഇതു ശ്രദ്ധിപ്പിൻ 16
സെമിത്തേരിക്കു വേണ്ടി അനുഗമിക്കുന്നവർ 19
വാർദ്ധക്യത്തിലേക്കു വന്നുകൊണ്ടിരിക്കുന്നവരോട് 21
Quest 36 24
Quest 35 ന്റെ ഉത്തരങ്ങൾ Cover 3

വാർഷിക വരിസംഖ്യയായ നൂറു രൂപ (₹100/- only)
ലേഖനങ്ങൾ, കത്തുകൾ ഇവ അയയ്ക്കേണ്ട വിലാസം:
ഷെറിൻ കിംഗ്സ്റ്റൺ
ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം - 695 031

*എഡിറ്റോറിയൽ*

# അസൂയ എന്ന മാരകരോഗം

വൈദ്യശാസ്ത്രത്തിലെ കണ്ടുപിടിത്തങ്ങളും, ജ്ഞാനവും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആധുനികകാലത്ത്, മുമ്പൊരിക്കലും കേട്ടുകേൾവിപോലും ഇല്ലാതിരുന്ന പല പുതിയ രോഗങ്ങളും തലയുയർത്തിക്കൊണ്ടിരിക്കുന്നു. മിക്കരോഗങ്ങൾക്കും ഏറെക്കുറെ പരിഹാര മാർഗ്ഗങ്ങളും കണ്ടുപിടിച്ചിട്ടുണ്ട്. എന്നാൽ മനുഷ്യന് ഒരിക്കലും സൗഖ്യമാക്കുവാൻ സാധിക്കാത്ത ഒരു മഹാരോഗമാണ് 'അസൂയ'. ''അസൂയയ്ക്കും കഷണ്ടിക്കും മരുന്നില്ല'' എന്നൊരു ചൊല്ലുണ്ടല്ലോ? പക്ഷെ കഷണ്ടിക്ക് പ്രതിവിധികണ്ടുപിടിച്ചിട്ടുള്ളതായി അവകാശപ്പെടുന്ന പലരും ഇക്കാലത്ത് രംഗപ്രവേശം ചെയ്യുന്നുണ്ട്. അസൂയ ഇപ്പോഴും തീരാവ്യാധിയായി അവശേഷിക്കുന്നു.

യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലം രക്ഷിക്കപ്പെട്ട്, പരിശുദ്ധാത്മാവിന് കീഴ്പ്പെട്ട് ജീവിക്കുന്നവർക്ക് അസൂയാകലുഷിതമായ ചിന്തകളെ അതിജീവിക്കുവാൻ സാധിക്കും.

'അസൂയ ഇന്നലെയോ ഇന്നോ തുടങ്ങിയ രോഗമല്ല. ദൈവത്തിന്റെ ആദിമസൃഷ്ടിയായ ആദാമിന്റെ കാലത്ത് ആരംഭിച്ചതാണ്. അവന് കയീൻ എന്നും ഹാബേൽ എന്നും രണ്ടു പുത്രന്മാർ ജനിച്ചു. ഇരുവരും യഹോവയ്ക്ക് വഴിപാട് അർപ്പിച്ചു. കൃഷീവലനായിരുന്ന കയീൻ തന്റെ അദ്ധ്വാനഫലത്തിൽ നിന്നും, ഇടയവൃത്തി തൊഴിലായിരുന്ന ഹാബേൽ തന്റെ ആട്ടിൻകൂട്ടത്തിൽ നിന്നു മേന്മയേറിയ ആട്ടിൻകുട്ടിയേയും വഴിപാടുകളായി കൊണ്ടുവന്നു. ദൈവം കയീന്റെ വഴിപാടിൽ പ്രസാദിച്ചില്ല; പ്രത്യുത ഹാബേലിന്റെ വഴിപാടിൽ പ്രസാദിച്ചു. ഇവിടെയാണ് ആദ്യത്തെ അസൂയ ഉടലെടുത്തത്. കയീന് ഹാബേലിന്റെമേൽ ഉണ്ടായ അസൂയ കോപരൂപേണ പ്രത്യക്ഷപ്പെട്ടു. കൊലപാതകത്തിൽ അന്ത്യം കുറിക്കുന്നു. മറ്റുള്ളവരുടെ സൽപ്രവൃത്തികളാൽ അവർ പ്രശംസിക്കപ്പെടുമ്പോൾ



അതിൽ അസഹിഷ്ണുത ഉളവാകുകയും, അസൂയയായി പരിവർത്തനം ചെയ്തു മത്സരം, കോപം, കൊലപാതകം എന്നിവയിൽ അവസാനിക്കുന്നതും ഇക്കാലത്ത് പുത്തരിയല്ല. അയല്പക്കത്തെ കുട്ടി പഠനത്തിൽ യശസ്വി ആകുമ്പോൾ നമ്മുടെ കുഞ്ഞുങ്ങളോട് "നോക്ക്, നീ അവനേക്കാളും മിടുക്കനാകണം" അങ്ങനെ താരതമ്യരൂപേണ കുഞ്ഞുങ്ങളുടെ പിഞ്ചുഹൃദയങ്ങളിൽ അസൂയയുടെ ബീജം വിതയ്ക്കുന്നു. അത് മത്സരത്തിന് ഇടയാക്കാറുണ്ട്.

യഹോവയായ ദൈവത്താൽ ശ്രേഷ്ഠമായ രീതിയിൽ ഉപയോഗിക്കപ്പെട്ടിട്ടുള്ള ചില വ്യക്തികൾ അസൂയയ്ക്ക് അടിമപ്പെട്ടതായി തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. യിസ്രായേൽ മക്കൾ മിസ്രയീമിൽ അടിമകളായിരുന്ന കാലം! യാക്കോബിന്റെ മകൻ ലേവിയുടെ പൌത്രൻ അമ്രാം ലേവികുടുംബത്തിൽ നിന്നു തന്നെ യോഖേബേദ് എന്ന സ്ത്രീയെ വിവാഹം കഴിച്ചു. അനിതരസാധാരണ ദൈവഭക്തിയും, വിശ്വാസവുമുണ്ടായിരുന്ന അവൾ തന്റെ മക്കളായ അഹരോൻ, മിര്യാം, മോശെ എന്നിവരെ യഹോവയെക്കുറിച്ചുള്ള ജ്ഞാനത്തിലും ഭക്തിയിലും വളർത്തി. അഹരോൻ യിസ്രായേലിലെ പുരോഹിതനായി നാല്പതുവർഷം സേവനം അനുഷ്ഠിച്ചു. മിര്യാം യിസ്രായേലിലെ ഏറ്റവും മികച്ച ഒരു പ്രവാചകി ആയിത്തീർന്നു. മോശെയോ,

യിസ്രായേലിനെ അടിമവീടായ മിസ്രയീമിൽ നിന്ന് വിടുവിച്ചു വാഗ്ദത്തനാടായ കനാനിലേക്കു നയിക്കുന്ന ദൗത്യം യഹോവയിൽ നിന്ന് ലഭിച്ച നേതാവായിരുന്നു.

മോശെയുടെ ജീവകാലം മൂന്നായി വിഭജിക്കാം. ആദ്യത്തെ ഏകദേശം നാല്പതുവർഷക്കാലം ഫറവോന്റെ കൊട്ടാരത്തിൽ രാജകുമാരനായി വളർന്നു. രണ്ടാമത്തെ നാല്പതു വർഷം മിദ്യാനിലെ ആട്ടിടയനായി ജീവിച്ചു. അവിടെവച്ച് മിദ്യാന്യ പുരോഹിതന്റെ മകൾ സിപ്പോറയെ വിവാഹം കഴിച്ചു. നാല്പതു വർഷം കഴിയാറായപ്പോൾ യഹോവയുടെ കല്പന അനുസരിച്ച് യിസ്രായേൽ മക്കളുടെ വിടുതലിനായി മിസ്രയീമിലേക്കു മടങ്ങിപ്പോയി. അവസാന നാല്പതു വർഷക്കാലം യിസ്രായേൽ മക്കളെ കനാനിലേക്കു നയിച്ച ശ്രേഷ്ഠനേതാവായിരുന്നു.

ഫറവോൻ യിസ്രായേൽ മക്കളെ പീഡിപ്പിക്കുകയും, കഠിനാദ്ധ്വാനത്തിന് വശംവദരാക്കുകയും ചെയ്തു. എന്നാൽ ദൈവാനുഗ്രഹത്താൽ അവർ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. ജനം പെരുകി, ഫറവോന് ഭീതിജനകമായിത്തീർന്നു. അതിനാൽ യിസ്രായേൽ മക്കൾക്കു ജനിച്ച എല്ലാ ആൺകുട്ടികളെയും നശിപ്പിക്കണമെന്ന് ഫറവോൻ കല്പിച്ചിരുന്ന കാലം! മിര്യാമിന്റെ ഇളയ സഹോദരൻ മോശെക്കുഞ്ഞ് ഭൂജാതനായി. മൂന്നുമാസക്കാലം ഒളിച്ചുവച്ചിരുന്നു; അനന്തരം ദൈവം തന്റെ പൈതലിനെ രക്ഷിക്കും എന്നു വിശ്വസിച്ച മാതാവ് ഞാങ്ങണ കൊണ്ട് ഒരു ചെറിയ പെട്ടകം നിർമ്മിച്ച് അതിനുള്ളിൽ പൈതലിനെ കിടത്തി നീലനദിയുടെ പാർശ്വഭാഗത്ത് ഞാങ്ങണകളുടെയിടയിൽ ഒളിച്ചു വച്ചു. കുട്ടിക്കെന്തു സംഭവിക്കുമെന്ന് അറിയാനായി സഹോദരി മിര്യാം ദൂരവെകാത്തു നിന്നു. എത്ര സമയം കഴിഞ്ഞാണ് ഫറവോന്റെ പുത്രിയും തോഴിമാരും അവിടേക്കു കടന്നു വന്നത് എന്നത് അജ്ഞാതം. പെട്ടകത്തിനുള്ളിലെ 'ശിശു'വിനെ കണ്ടപ്പോൾ രാജകുമാരിക്ക് അതിനോട് മമത തോന്നി; രക്ഷിപ്പാൻ തീരുമാനിച്ചു. ബുദ്ധിമതിയും, ധീരയും ആയിരുന്ന മിരാ്യം എന്ന ഏഴുവയസ്സുകാരി ശിശുവുമായുള്ള ബന്ധം പ്രത്യക്ഷപ്പെടുത്താതെ കുഞ്ഞിനെ മുലയൂട്ടി വളർത്തുവാൻ ഒരു സ്ത്രീയെ കൊണ്ടുവരുന്നു. അങ്ങനെ മോശെയെ സ്വമാതാവിന്റെ കരങ്ങളിലെത്തിച്ചതിൽ മിര്യാം എന്ന ബാലികയുടെ പങ്ക് അവർണ്ണനീയമായിരുന്നു.

മിസ്രയീമിൽ നിന്നും വിടുവിക്കപ്പെട്ട യിസ്രായേൽ മക്കളെ പിന്തുടർന്ന ഫറവോനെയും സൈന്യത്തെയും ചെങ്കടലിൽ മുക്കിക്കൊല്ലുകയും, കടലിന്റെ നടുവിൽ ഉണങ്ങിയ നിലത്തുകൂടെ യിസ്രായേലിനെ മറുകരയിൽ എത്തിക്കുകയും ചെയ്ത യഹോവയെ സങ്കീർത്തനംപാടി സ്തുതിച്ചപ്പോൾ സ്ത്രീകളുടെ നേതൃസ്ഥാനം അലങ്കരിച്ചത് മിര്യാം എന്ന പ്രവാചകി ആയിരുന്നു. സ്ത്രീകൾ എല്ലാവരും തപ്പുകളോടും നൃത്തങ്ങളോടും കൂടെ അവളുടെ പിന്നാലെ ചെന്നതായി കാണുന്നു.

എന്നാൽ സംഖ്യാ 12-ാം അദ്ധ്യായത്തിൽ മിര്യാമിന്റെ ശോകപൂരിതമായ അവസ്ഥ കാണുന്നു. "ഒരു നാത്തൂൻ പോര്"!!! എല്ലാകാലത്തും തലയുയർത്തി നില്ക്കുന്ന ഒരു പോരാണത്! ആറുലക്ഷത്തിൽപ്പരം യിസ്രായേല്യരുടെ നേതാവായി മോശെ കനാനിലേക്കു പോകുന്ന കാലം! മിര്യാമിന് പെട്ടെന്നൊരു അസൂയ! " ഈ മോശെയെ നീലനദിയിൽ നിന്ന് രക്ഷിച്ച് സ്വന്തം മാതാവിനെ ഏല്പിക്കാനിടയായതിൽ തനിക്കും ഒരു വലിയ പങ്കുണ്ട്. ഒരു പക്ഷെ, ഞാൻ മുൻകൈ എടുത്തില്ലായിരുന്നെങ്കിൽ ഇവന്റെ സ്ഥിതി എന്തായിരുന്നേനേ? എന്നോടുള്ള കടപ്പാട് അവൻ മറന്നിരിക്കും! അവൻ വിവാഹം കഴിച്ചിരിക്കുന്നതു അതും സ്വന്തകുലത്തിൽ നിന്നല്ല. സിപ്പോറാ മിദ്യാന്യ പുരോഹിതന്റെ മകളായിരുന്നു. മോശെ രണ്ടാമതൊരു വിവാഹം കഴിച്ചതായി ചില വേദപണ്ഡിതന്മാർ വിശ്വസിക്കുന്നു. (സംഖ്യ. 12:2) എന്നാൽ തിരുവചനം രേഖപ്പെടുത്തിയിട്ടില്ല. ഹബക്കുക്: 3:7 അനുസരിച്ച് മിദ്യാനിലും ഒരു കൂശ് ഉണ്ടായിരുന്നു.

സ്നാപകയോഹന്നാന്റെ ശിഷ്യർ, യേശുവിന്റെയടുക്കൽ ജനസമൂഹം പോകുന്നതു കണ്ട് അസൂയപ്പെട്ട് യോഹന്നാന്റെ അടുക്കൽ വന്ന്, "റബ്ബീ, യോർദ്ദാന്നക്കരെ നിന്നോടുകൂടെ ഇരുന്നവർ..... എല്ലാവരും അവന്റെ അടുക്കൽ ചെല്ലുന്നു" എന്ന് പരാതി പറയുന്നു. യേശുതന്നെ മശിഹാ എന്ന് മനസ്സിലാക്കിയ യോഹന്നാനാകട്ടെ "അവൻ വളരേണം, ഞാനോ കുറയേണം" എന്ന് മറുപടി പറഞ്ഞു ശിഷ്യന്മാരെ സമാധാനിപ്പിക്കുന്നു. മോശെ, യോഹന്നാൻ എന്നിവർ ആത്മപ്രചോദിതരായി ഏറ്റവും ബുദ്ധിപൂർവ്വം കാര്യങ്ങൾ കൈകാര്യം ചെയ്തു.

ഇന്നാകട്ടെ, ദൈവത്തിന്റെ ദാസീദാസന്മാരെക്കുറിച്ചും, സഭാശുശ്രൂഷകന്മാരെക്കുറിച്ചും അസൂയപൂണ്ട് കുറ്റം വിധിക്കുന്നവർ ധാരാളം. സഭകളെ ഭിന്നിപ്പിക്കുകയും, ദൈവമക്കളുടെ ഹൃദയങ്ങൾ തകർത്ത് അവരെ പ്രയോജനരഹിതരാക്കുകയും ചെയ്യുന്ന വിശ്വാസികൾ എണ്ണമറ്റവരാണ്. "അവരേക്കാളും വിദ്യാഭ്യാസവും, പണവും കുടുംബമഹിമയും ഉള്ള നമുക്ക് എന്താണ് കുറവ്"? ഈ സ്ഥിതിവിശേഷം നിർമ്മൂലമാക്കുവാൻ ഒരേ ഒരുപായം. ചില ദൂഷ്യങ്ങൾ പറഞ്ഞുപരത്തിയാൽ മതിയാകും. അടിസ്ഥാനരഹിതമായ അപവാദങ്ങൾ മൂലം എത്രയോ ഭിന്നതയുണ്ടായിക്കൊണ്ടിരിക്കുന്നു. യാക്കോബിന്റെ ലേഖനത്തിൽ "നിങ്ങൾ കൊല്ലുകയും, അസൂയപ്പെടുകയും ചെയ്തിട്ടും ഒന്നും സാധിക്കുന്നില്ല". (യാക്കോ. 4:2) 'നമ്മുടെ ചിന്തകളെയും, നാവിനെയും നിയന്ത്രിച്ച്, കർത്താവിന്റെ ഹിതം എന്തെന്ന് അറിഞ്ഞു ജീവിക്കുവാൻ അവൻ നമുക്കു കൃപ ചെയ്യട്ടെ'.

*"കർത്താവിന്റെ സന്നിധിയിൽ താഴുവിൻ; എന്നാൽ അവൻ നിങ്ങളെ ഉയർത്തും".* അവന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ.

**മേരി അഞ്ചൻ**
തുംകൂർ

അങ്ങനെയെങ്കിൽ സിപ്പോറാ തന്നെ ആയിരുന്നു "കൂശ്യസ്ത്രീ". കൂശ്യസ്ത്രീ നിമിത്തം മിര്യാമും അഹരോനും മോശെയ്ക്കു വിരോധമായി സംസാരിച്ചു. (വാക്യം 2, വായിക്കുക.) മോശെ അതുകേട്ടില്ല. എന്നാൽ, "യഹോവ അതുകേട്ടു". ഈ ഭാഗം കുറിക്കൊള്ളേണം. ദൈവം തിരഞ്ഞെടുത്തവരെ കുറ്റം വിധിപ്പാൻ നാം ആരാണ്? "നിങ്ങൾ എന്റെ ദാസനായ മോശെയ്ക്കു വിരോധമായി സംസാരിപ്പാൻ ശങ്കിക്കാഞ്ഞത് എന്ത്? (സംഖ്യ 12:7,8) വാസ്തവത്തിൽ മിര്യാം ആയിരിക്കണം അപവാദം ഉന്നയിച്ചത്; അഹരോൻ സഹോദരിക്കുകൂട്ടു നിന്നു എന്നു മാത്രം. ദൈവത്തിന്റ ശിക്ഷ എത്രയോ കഠോരമായിരുന്നു. മിര്യാം നിമിഷനേരത്തിനുള്ളിൽ ഹിമം പോലെ വെളുത്ത് കുഷ്ഠരോഗിണിയായിത്തീർന്നു. മോശെയുടെ സ്വഭാവവൈശിഷ്ട്യം ഇവിടെ കാണുന്നു. "ദൈവമേ അവളെ സൗഖ്യമാക്കേണമേ" എന്നു യഹോവയോടു നിലവിളിച്ചു. ദൈവം ഏഴു ദിവസം അവളെ പാളയത്തിനു പുറത്താക്കി. അവളെ വീണ്ടും അംഗീകരിച്ചതുവരെ ജനം യാത്ര തുടർന്നില്ല.

മിര്യാം മോശെയോട് അസൂയപ്പെട്ടത് സ്വന്തസ്ഥാനമാനത്തിനായിരുന്നു. എന്നാൽ തങ്ങളുടെ നേതാക്കൾക്കു വേണ്ടി അസൂയപ്പെട്ട ചിലരെ തിരുവചനത്തിൽകാണുന്നു. മോശെയുടെ പിൻഗാമി ആയി നേതൃത്വം വഹിച്ച യോശുവ. മോശെയുടെ ഭൃത്യനായിരുന്ന കാലം. യഹോവയുടെ കല്പനപ്രകാരം 70 പുരുഷന്മാരെ തിരഞ്ഞെടുത്തു അവർ പാളയത്തിൽ നിന്നും കൂടാരത്തിൽ വന്നു; ആത്മപ്രേരണയാൽ പ്രവചിച്ചു. എന്നാൽ എൽദാദ് എന്നും മേദാദ് എന്നും രണ്ടുപേർ പാളയത്തിനുള്ളിൽ തന്നെ ഇരുന്നു. അവരും പ്രവചിക്കുന്നതു കണ്ട യോശുവ അവർ പ്രവചിക്കുന്നതു വിരോധിക്കേണമേ എന്ന് യാചിച്ചപ്പോൾ മോശെ, " എന്നെ വിചാരിച്ചു നീ അസൂയപ്പെടുന്നുവോ?" അവരും പ്രവചിച്ചു കൊള്ളട്ടെ എന്നു പറഞ്ഞു യോശുവയെ സമാധാനപ്പെടുത്തി. (സംഖ്യാ 11:29)

# ക്രിസ്തു നമ്മുടെ മഹാപുരോഹിതൻ

**എൽസി ബേബി, ന്യൂ യോർക്ക്**

കർത്താവായ ക്രിസ്തു എന്ന രക്ഷിതാവിനെ വിശ്വാസത്താൽ ഹൃദയത്തിൽ അംഗീകരിച്ചവരോടു 'ക്രിസ്തു' നിങ്ങൾക്കാരാകുന്നു എന്നു ചോദിച്ചാൽ അവൻ എന്റെ കർത്താവും വീണ്ടെടുപ്പുകാരനും ആകുന്നു. അവൻ എന്റെ നല്ല സ്നേഹിതനും, എന്റെ സാമാധാനവും എന്റെ ആശ്വാസപ്രദനുമാകുന്നു. എന്റെ നല്ല ഇടയൻ! എനിക്ക് അപ്പനും, കർത്താവും, ഭർത്താവും ആകുന്നു. നല്ല വൈദ്യനാകുന്നു. ഇങ്ങനെപോകുന്നു അനുഭവസാക്ഷ്യം. ശരിയാണ്. യഥാർത്ഥത്തിൽ ക്രിസ്തു നമുക്ക് എല്ലാം എല്ലാം ആകുന്നു എന്നു പറയുവാൻ കഴിയണമെങ്കിൽ നാം അവനെ സ്വന്തമായി അംഗീകരിക്കേണ്ടിയിരിക്കുന്നു. വിശ്വാസത്താൽ ക്രിസ്തുവിനെ ഹൃദയത്തിൽ പ്രവേശിപ്പിച്ച് അവനായി ജീവിതം സ്വയം സമർപ്പിക്കുമ്പോൾ അവൻ നമ്മുടെ ജീവിതത്തിലൂടെ പ്രവർത്തിക്കുന്ന തിന്റെ വെളിച്ചത്തിലാണല്ലോ അവൻ നമുക്ക് ആരാകുന്നുവെന്നു സാക്ഷിപ്പാൻ സാധിക്കുന്നത്. നാവുകൊണ്ടു പറയുവാൻ എളുപ്പമാകുന്നു. ഹൃദയംകൊണ്ടും, അനുഭവങ്ങൾ കൊണ്ടും ക്രിസ്തുവിനെ ജീവിത പങ്കാളിയായി കാണുന്നവരെ ക്രിസ്തു അത്ഭുതകരമായ സാക്ഷ്യങ്ങളുടെ ഉടമകളാക്കി മാറ്റുന്നു എന്നതാണത്ഭുതം. യേശു ഈ ഭൂമിയിലായിരുന്നപ്പോൾ തന്റെ ശിഷ്യന്മാരോട് "ഞാൻ നിങ്ങൾക്കു ആരാകുന്നു" എന്നു ചോദിച്ചു. അന്നത്തെ ജനങ്ങൾ യേശുവിനെ പലവിധത്തിൽ കാണുവാനിടയായി. ഇന്നും യേശു ആ ചോദ്യം നമ്മോടു ഓരോരുത്തരോടും ചോദിക്കുന്നു. അനുഭവങ്ങളിൽ



കൂടെ അവൻ നമുക്കോരോരുത്തർക്കും ആരാകുന്നു എന്നു ശങ്കയില്ലാതെ പറയു വാനും സാക്ഷിപ്പാനും ഇടയാകുന്നു. അവൻ നമ്മുടെ ശ്രേഷ്ഠ മഹാപുരോഹിതനാ കുന്നു വെന്ന് എബ്രായ ക്രിസ്ത്യാനികളോടു ദൈവാത്മാവു സാക്ഷിക്കുന്നു. (എബ്രാ. 4:15)

പഴയനിയമ പുരോഹിതന്മാരേയും, മഹാപുരോഹിതന്മാരേയും യാഗങ്ങളേയും നന്നായി മനസ്സിലാക്കിയിരുന്ന യെഹൂദന്മാർക്ക് ക്രിസ്തുവിനെ ശ്രേഷ്ഠമഹാപുരോഹിതനായി കാണുവാൻ അല്പം പ്രയാസമുണ്ടായെങ്കിൽ നമുക്കും അതു ഉൾക്കൊള്ളുവാൻ അല്പം പ്രയാസം കാണാതിരിക്കയില്ല. ഇന്ന് അങ്ങനെയുള്ള പുരോഹിതന്മാരോ യാഗങ്ങളോ ഒന്നുമില്ലല്ലോ. മനുഷ്യരിൽ നിന്നും തിരഞ്ഞെടുത്ത് അഭിഷേകം ചെയ്തു നിയമിക്കുന്ന പുരോഹിതന്മാരേക്കാൾ ശ്രേഷ്ഠനായ മഹാപുരോഹിതനാകുന്നു നമ്മുടെ കർത്താവു. പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോടു വേറുവിട്ടവൻ, സ്വർഗ്ഗത്തേക്കാൾ ഉന്നതനായിത്തീർന്നവൻ! സ്വന്തം പാപങ്ങൾക്കായും, ജനങ്ങളുടെ പാപങ്ങൾക്കായും ദിനംപ്രതി ആവർത്തിച്ചാവർത്തിച്ചു യാഗം കഴിപ്പാനാവശ്യമില്ലാത്തവൻ! തന്നെത്താൻ അർപ്പിച്ചുകൊണ്ട് ഒരിക്കലായി എന്നെന്നേക്കുമായി യാഗമായി തീർന്ന ഏകമഹാപുരോഹിതൻ. ഈ ശ്രേഷ്ഠമഹാപുരോഹിതനെ അടുത്തറിയാനിടയായിട്ടുണ്ടോ? അനുഭവിച്ചറിയാനിട

യായിട്ടുണ്ടോ? ദിനംതോറും ഈ മഹാപുരോഹിതനോടു സംസർഗ്ഗം പുലർത്തി അവന്റെ സാന്നിദ്ധ്യവും സാമീപ്യവും അനുഭവിച്ചറിയാനിടയായിട്ടുണ്ടോ? ചിന്തിക്കുക.

ഈ ശ്രേഷ്ഠമഹാപുരോഹിതൻ നമുക്കുവേണ്ടി നിരന്തരം ചെയ്തുകൊണ്ടിരിക്കുന്ന ചില ശുശ്രൂഷകൾ അനുഭവമാക്കുവാൻ നമുക്കു ശ്രദ്ധിക്കാം. ഇന്ന് ലോകത്തിൽ കഷ്ടങ്ങളും, പ്രയാസങ്ങളും, വേദനകളും, ദുഃഖങ്ങളും, കണ്ണുനീരും, പരിശോധനകളും, ഏറി ഏറി വരുന്ന ഒരു സമൂഹത്തിലാണല്ലോ നാം ജീവിക്കുന്നത്. ഈ ക്രിസ്തു സ്വന്തമായിനിന്നവർക്ക് അവൻ ചെയ്യുന്ന ഉപകാരങ്ങൾ വർണ്ണിക്കാവതിലുമപ്പുറമാകുന്നു.

ഒന്നാമതായി അവൻ നമ്മെ നന്നായി അറിയുന്നു എന്നതാകുന്നു. നമ്മുടെ അകവും പുറവും, ഹൃദയവിചാരങ്ങൾ പോലും അറിയുന്ന സർവ്വശക്തനാകുന്നു. അവൻ നമ്മോടുകൂടെ സദാസർവ്വദാ ഉണ്ട് എന്ന വസ്തുത നാം മറക്കരുത്. നാം ചിന്തിക്കുന്നതും, നാം അനുഭവിക്കുന്നതുമായ എല്ലാ വികാരങ്ങളും വിചാരങ്ങളും നല്ലതുപോലെ അറിയുന്ന സർവ്വജ്ഞാനിയാണവൻ! നമ്മുടെ കർത്താവു അറിയാത്തതും അനുഭവിക്കാത്തതുമായ യാതൊന്നും നമ്മുടെ ജീവിതത്തിൽ ഇല്ല. അവൻ നമ്മുടെ ഭാരങ്ങളും, ദുഃഖങ്ങളും പ്രയാസങ്ങളും ഏറ്റുവാങ്ങുവാൻ സന്നദ്ധനായി നമ്മോടുകൂടെ എപ്പോഴും ഉണ്ട്. നമ്മുടെ രോഗത്തിനു വൈദ്യനുമാണവൻ!

രണ്ടാമതായി നമ്മെ കാണുന്ന കണ്ണ്, നമ്മെ കേൾക്കുന്ന ചെവി, നമ്മെ താങ്ങും കരങ്ങൾ, നമ്മോടൊപ്പം നടക്കുന്ന കാലുകൾ, നമ്മോടു സംസാരിക്കുന്ന നാവ് ഇവയെല്ലാം ഉള്ള കർത്താവാകുന്നു അദൃശ്യനായി നമ്മോടുകൂടെയുള്ളത്. ഹൃദയം നുറുങ്ങിയവർക്കു യഹോവ സമീപസ്ഥനാകുന്നു. മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു. കണ്ണുനീർ തൂകുമ്പോൾ മനസ്സലിഞ്ഞു നമ്മോടൊപ്പം കരയുന്നവനും, നമ്മുടെ കണ്ണുനീരെല്ലാം തന്റെ തുരുത്തിയിൽ കൂട്ടിവയ്ക്കുന്നവനുമാകുന്നു നമ്മുടെ കർത്താവ്. ഒരുനാളും കൈവിടാത്ത നല്ല പിതാവ്!

മൂന്നാമതായി അവൻ നമ്മോടു സംസാരിച്ചു കൊണ്ടിരിക്കുന്നവനാകുന്നു. നമ്മുടെ പക്കൽ ഏല്പിച്ചിരിക്കുന്ന തിരുവചനത്തിൽകൂടെ നമ്മോടു സംസാരിക്കുന്ന നല്ല കർത്താവ്! അവസരോചിതം പോലെ തക്ക വാഗ്ദത്തങ്ങൾ നല്കി നമ്മെ ആശ്വസിപ്പിച്ചുകരുതുന്ന ഇത്ര നല്ല കർത്താവിനെ മറ്റെങ്ങും കാണാൻ പറ്റുകയില്ലല്ലൊ.

നാലാമതായി നമ്മുടെ എല്ലാ ആവശ്യങ്ങളുമറിഞ്ഞ് ആകാശത്തിന്റെ കിളിവാതിൽ തുറന്നു നമുക്കു വേണ്ടുവോളം നല്കി പോറ്റിപ്പുലർത്തുന്ന നല്ല ഇടയനാകുന്നു നമ്മുടെ കർത്താവ്! ഒന്നിനേക്കുറിച്ചും ഭാരപ്പെടേണ്ട ഞാൻ നിനക്കായ് കരുതുന്നവനാകുന്നു എന്നു പറയുവാൻ ശക്തനായ മറ്റൊരു കർത്താവും, നല്ല ഇടയനും വേറെ ഇല്ലല്ലൊ.

അവസാനമായി വീഴാതവണ്ണം നമ്മെ സൂക്ഷിച്ച് തന്റെ മഹിമാസനത്തിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിർത്തുവാൻ ശക്തിയുള്ളവൻ! എത്ര വലിയ ആശ്വാസം! പ്രിയമുള്ളവരേ, വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ ഈ നല്ല കർത്താവിനെ കണ്ടുകൊണ്ടു നമ്മുടെ ഓട്ടം സ്ഥിരതയോടെ ഓടാം. നമ്മുടെ നിത്യഭവനത്തിലെത്തി അവന്റെ മുഖം കണ്ട് ആരാധിക്കുന്ന ആ സുദിനം അത്ര വിദൂരമല്ല. അതോർത്തു സന്തോഷിക്കാം, ആശ്വസിക്കാം, സമാധാനിക്കാം. കർത്താവു കൃപ ചെയ്യട്ടെ!.

# വേദപുസ്തക വനിതകൾ (തുടർച്ച)

യോഹന്നാൻ ഏബ്രഹാം, തിരുവനന്തപുരം

## ഹന്നാ പ്രവാചകി

ഈ പരമ്പരയിൽ പഴയനിയമത്തിലെ സ്ത്രീകളെക്കുറിച്ച് ചിന്തിച്ചപ്പോൾ യിസ്രാ യേലിന്റെ ഒടുവിലത്തെ ന്യായാധിപതിയായിരുന്ന ശമുവേലിന്റെ മാതാവ് ഹന്നായേക്കുറിച്ച് നാം ചിന്തിച്ചതാണ്. എന്നാൽ പുതിയനിയമത്തിലും അതേ പേരിൽ ഒരു സ്ത്രീരത്നം ഉള്ളതായി കാണപ്പെടുന്നു. ഇവൾ ആശേർഗോത്രത്തിൽ ഫനുവേലിന്റെ മകളായിരുന്നു. ഹന്ന എന്ന പേരിന്റെ അർത്ഥം കൃപ എന്നാണ്. തിരുവചനത്തിൽ വളരെ ആഴവും പരപ്പുമുള്ള ഒരു പദമാണ് കൃപ. ഈ പദത്തിന് മൂലഭാഷയിലുള്ള അർത്ഥം ഒരു അർഹതയും യോഗ്യതയും ഇല്ലാത്തവർക്ക് ദൈവം കാണിക്കുന്ന കരുണ എന്നതാണ്. ഈ പദം തിരുവചനത്തിൽ ആദ്യം കാണുന്നത് ഉത്പത്തി പുസ്തകത്തിലാണ്. മനുഷ്യരിൽ പാപം പെരുകി എല്ലാവരും ദൈവവിരോധി കളായിത്തീർന്നിരുന്ന കാലഘട്ടം. ഈ പാപികളെ ന്യായം വിധിക്കാൻ ദൈവം തീരുമാനിച്ചു. എന്നാൽ അന്ന് കൃപ ലഭിച്ച ഒരാളുണ്ടായിരുന്നു. നോഹയ്ക്ക് ദൈവകൃപ ലഭിച്ചു. (ഉത്പത്തി:6:8)

എന്നാൽ പുതിയനിയമത്തിലെ ഹന്നാ അവളുടെ പേരിന്റെ അർത്ഥം അന്വർത്ഥ മാകുംവണ്ണം ധാരാളമായ ദൈവകൃപ ജീവിതത്തിൽ അനുഭവിച്ചു. പാപികളും അഭക്തരും ബലഹീനരും ശത്രുക്കളുമായ മനുഷ്യവർഗ്ഗത്തെ സ്നേഹിച്ച ദൈവം അവരോടു കരുണ കാണിച്ചതു ദൈവത്തിന്റെ കൃപാമഹ ത്ത്വത്തിന്റെ പുകഴ്ചയ്ക്കായിരുന്നു.

കന്യകാകാലത്തിലേ വിവാഹിതയായ ഇവൾ തന്റെ ഭർത്താവിനൊപ്പം കേവലം ഏഴു വർഷക്കാലമേ കുടുംബജീവിതം നയിപ്പാൻ ദൈവം അനുവദിച്ചുള്ളൂ. അവളുടെ ഭർത്താവ് മരിച്ചുപോയി എന്നു കരുതാവുന്നതാണ്. ആ



സമയത്ത് കേവലം ഇരുപ ത്തിയഞ്ചുവയസ്സിനു താഴെ മാത്രം പ്രായം ഉണ്ടായിരുന്ന ഹന്നാ സ്വാഭാവികമായി പുനർവിവാഹത്തിന് താൽപ ര്യപ്പെടേണ്ടതാണ്. അപ്രകാരം ഒരു പുതിയ കുടുംബ ജീവിതത്തിന് ആഗ്രഹിക്ക ത്തക്ക പ്രായമേ അവൾക്ക് ഉണ്ടായിരുന്നുള്ളൂ. എന്നാൽ തന്റെ ജീവിതത്തിൽ ദൈവം അനുവദിച്ചിരുന്ന ദീർഘമായ ആ കാലഘട്ടം മുഴുവൻ വിധവയായി ജീവിക്കുവാനാണ് തീരുമാനിച്ചത്.

ലോകരക്ഷകനായി മന്നിൽ അവതരിച്ച യേശുവിനെ മാതാവായ മറിയയും യോസേഫും എട്ടുനാൾ പ്രായമുള്ള കുഞ്ഞിനെ ദൈവാല യത്തിലേക്കു കൊണ്ടു വന്നപ്പോൾ ഹന്നാ വളരെ വയസ്സു ചെന്നവളായിരുന്നു. ഏകദേശം നൂറ്റിപ്പത്തു വയസ്സുണ്ടായിരിക്കാമെന്ന് കണക്കാ ക്കാവുന്നതാണ്. ഇവളെക്കുറിച്ച് തിരുവചനം രേഖപ്പെടുത്തിയിരിക്കുന്നത് ദൈവാലയം വിട്ടുപിരിയാതെ ഉപവാസത്തോടും, പ്രാർത്ഥന യോടും കൂടെ രാവുംപകലും ആരാധനയും നടത്തി വരികയായിരുന്നു എന്നാണ്, യിസ്രായേൽ മരുഭൂമിയിലായിരുന്നപ്പോൾ സമാഗമന കൂടാമായിരുന്നു ദൈവാലയം. അവിടെ വസിച്ചിരുന്ന ദൈവത്തിന് ഒരു ആലയം പണിവാൻ യിസ്രായേലിന്റെ രണ്ടാമത്തെ രാജാവായ ദാവീദ് വളരെ ആഗ്രഹിച്ചു. അതിന്നാവശ്യമുള്ളതെല്ലാം കരുതി. ദാവീദിന്റെ ഭരണകാലം മുഴുവൻ ദൈവം സമാഗമന കൂടാരത്തിൽ കഴിഞ്ഞിരുന്നു. ദാവീദ് ദൈവാലയം പണിയുവാൻ ദൈവം അനുവദിച്ചില്ല. അനേകം യുദ്ധങ്ങൾ നടത്തി ബഹുസഹസ്രം മനുഷ്യരേ നിഗ്രഹിച്ച ദാവീദിന്റെ കൈ രക്തപങ്കില മായിരുന്നു. അതിനാലാണ് ദാവീദിനെ ദൈവാലയ നിർമ്മിതിക്ക് ദൈവം അനുവദിക്കാതിരുന്നത്. തന്റെ മകനായ ശലോമോൻ രാജഭരണ

മേറ്റെടുത്ത് ദൈവാലയം മനോഹരമായി പണിചെയ്ത് പ്രതിഷ്ഠിച്ചു. അതിലാണ് ദൈവസാന്നിധ്യം പിന്നീട് ഉണ്ടായിരുന്നത്. യേശുകർത്താവ് പിതാവ് എന്ന് സംബോധന ചെയ്തിരിക്കുന്നത് യഹോവയായ ദൈവത്തെ യാണ്. കർത്താവ് അവകാശപ്പെട്ടത് ഞാനും പിതാവും ഒന്നാകുന്നു. എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു. അദൃശ്യനും അരൂപിയും ആത്മാവുമായ ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. എന്നാൽ ആ ദൈവത്തെ തന്റെ ഏകജാതനായ പുത്രനിലൂടെ ദർശിക്കാവുന്നതാണ്. ദൈവം പിതൃപുത്രപരി ശുദ്ധാത്മാവാം ത്രിയേക ദൈവമാണ്. മൂന്നു ദൈവങ്ങളല്ല. ത്രിയേക ദൈവമാണ്. യേശുക്രിസ്തുവിന്റെ ഈ ലോകത്തിലെ മാതാവും വളർത്തുപിതാവും മറിയയും യോസേഫുമാണ്. പന്ത്രണ്ടുവയസ്സുള്ളപ്പോൾ യെരുശലേം ദൈവാലയത്തിൽ മാതാപിതാക്കളോടുകൂടി പോയ യേശുകർത്താവു ദൈവാലയത്തിൽ ഇരുന്ന് ശാസ്ത്രികളോടു സംവാദം ചെയ്തു. പുത്രനെ അന്വേഷിച്ചു വന്ന മാതാപിതാക്കൾ ചോദിച്ച പ്പോൾ ഞാൻ എന്റെ പിതാവിന്റെ ഭവനത്തിൽ ഇരിക്കേണ്ടതല്ലയോ എന്നാണ് പ്രതിവചിച്ചത്. ഈ ദൈവാലയത്തിൽ എൺപത്തിനാലുവർഷം കഴിഞ്ഞിരുന്നവളാണ് ഹന്നാ. ദൈവത്തോടുള്ള ഭക്തിയും സ്നേഹവും നിമിത്തം അവൾക്ക് ദൈവാലയം വിട്ടു പിരിയുവാൻ കഴിഞ്ഞില്ല.

കൃപായുഗകാലഘട്ടത്തിൽ ജീവിച്ച കൊരിന്ത്യ വിശ്വാസികളോട് അപ്പൊസ്തലനായ പൗലൊസ് ചോദിക്കുന്നത് "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?. ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും. ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ. നിങ്ങളും അങ്ങനെ തന്നേ". (1കൊരിന്ത്യർ : 3:16–17)

വിശ്വാസികളിലാണ് ദൈവം വസിക്കുന്നത്. വിശ്വാസികളുടെ സമൂഹമായ പ്രാദേശികസഭയിലും ദൈവം വസിക്കുന്നു. ഹന്ന ദൈവാലയം വിട്ടുപിരിയാതെ ജീവിച്ചത് നമുക്ക് ഒരു മാതൃകയാണ്. പരിശുദ്ധനായ ദൈവം ദൈവമക്കളിൽ എപ്പോഴും വസിക്കുന്നതിനാൽ ഈ അവബോധത്തിൽ വിശുദ്ധരായി ജീവിക്കേണ്ടതാണ്.

ഹന്നാ സദാ പ്രാർത്ഥിക്കുകയും മാത്രമല്ല ഉപവാസത്തോടുകൂടി കഴിയുകയും ചെയ്തിരുന്നു. എപ്പോഴും ദൈവത്തെ ആരാധിച്ചിരുന്നു. പുറത്തെ മനുഷ്യന്റെ വളർച്ചയല്ല പ്രത്യുത അകത്തെ മനുഷ്യന്റെ വളർച്ചയായിരുന്നു അവളുടെ ലക്ഷ്യം. ഉപവാസമെന്നാൽ നിരാഹാരസത്യാഗ്രഹമല്ല. ദൈവസന്നിധിയിൽ മാത്രം മനസ്സ് ഏകാഗ്രമാക്കി ധ്യാനത്തിൽ കഴിയുന്നതാണ് ഉപവാസം. തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്നതുമാത്രമാണ് ഈ ലോകമനുഷ്യരുടെ സങ്കീർത്തനം. ദൈവസന്നി ധിയിൽ ഉപവസിക്കുക എന്നതു ഏറ്റം ഉന്നതമായ ആത്മീയ അവസ്ഥയാണ്. ആ സമയത്തു ഈ ലോകത്തെക്കുറിച്ച് ഒരു ആകുലതയുമില്ല. ജഡത്തെ അതിന്റെ രാഗമോഹത്തോടുകൂടി കുഴിച്ചിട്ടിരിക്കയാണ്. ഹന്നാ സദാസമയം ദൈവത്തെ ആരാധിച്ചിരുന്നു. ആരാധനയെന്നാൽ സമൂഹമായി സ്തുതി സ്തോത്രയാഗങ്ങളെ അർപ്പിച്ച് ദൈവത്തെ മഹത്ത്വപ്പെടുത്തുന്നതാണ്. വ്യക്തിപരമായി ദൈവസന്നിധിയിൽ ആരാധി ക്കുന്നതിനും അവകാശമുണ്ട്. ആരാധന അർഹതപ്പെട്ടവന് നല്കുന്ന ആത്മസമർ പ്പണമാണ്. കുടുംബ ജീവിതവും അതിന്റെ പ്രാരാബ്ധങ്ങളും ചപ്പും, ചവറും എന്നെണ്ണി നിഷ്കളങ്കമായ ഭക്തിയിലായിരുന്നു ഹന്നാ ജീവിച്ചത്. ശിമ്യോനോടുകൂടി ദൈവാലയത്തിൽ ഉണ്ടായിരുന്ന ഹന്നാ ശിമ്യോൻ കണ്ടതു പോലെ ദൈവം ഒരുക്കിയ ദൈവത്തിന്റെ രക്ഷ ഹന്നായും കണ്ട് ദൈവത്തെ സ്തുതിച്ചു. യേശു പറഞ്ഞത് എന്നെ കണ്ടവൻ പിതാവായ ദൈവത്തേയും കണ്ടിരിക്കുന്നു. രാവും പകലും ദൈവാലയം വിടാതെ ദൈവത്തെ ആരാധിച്ചുകൊണ്ട് ജീവിതസാഫല്യത്തിൽ എത്തിയ ഹന്നാ എന്ന സ്ത്രീരത്നം ദൈവമക്കൾക്ക് ഉദാത്തമായ ഒരു നല്ല മാതൃകയാണ്. ആ നാഴികയിൽ അവളും അടുത്ത് നിന്ന് ദൈവത്തെ സ്തുതിച്ചു. ഏതു നാഴികയിൽ? യേശുവിന്റെ മാതാപിതാക്കൾ ശിശുവായ യേശുവിനേയുംകൊണ്ട് ദൈവാല യത്തിൽ അകത്ത് ചെന്നപ്പോൾ ശിമ്യോൻ കുഞ്ഞിനെ കൈയിലെടുത്തു. യിസ്രായേലിന്റെ മഹത്ത്വവും ജാതികളുടെ പ്രകാശവുമായി

ദൈവമേ, നീ ഒരുക്കിയ നിന്റെ രക്ഷ എന്റെ കണ്ണു കണ്ടുവല്ലോ എന്ന് പറഞ്ഞ് ശിമ്യോൻ ആത്മസംതൃപ്തി അടഞ്ഞ അതേ നാഴികയിൽ ഹന്നായും അടുത്തുനിന്നു ദൈവത്തെ സ്തുതിച്ചു. മാത്രമല്ല യെരുശലേമിന്റെ വീണ്ടെടുപ്പിനെ കാത്തിരുന്ന എല്ലാവരോടും യേശുവിനേക്കുറിച്ചു പറഞ്ഞു. ശിശുവായിരുന്ന യേശുവിനെ കാണുകയും അവൻ വീണ്ടെടുപ്പുകാരനെന്നു വിശ്വസിക്കുകയും കർത്താവിനെ സ്തുതിച്ചു ആരാധിക്കുകയും ചെയ്തു. മാത്രമല്ല യേശുവിനെ സാക്ഷിക്കുകയും ചെയ്തു.

സ്നേഹിതരേ, നിങ്ങൾ യേശുക്രിസ്തുവിനെ രക്ഷിതാവായി വിശ്വസിച്ചു പാപമോചനം പ്രാപിച്ച ഒരു ദൈവപൈതൽ ആയിരിക്കാം. കർത്തൃകല്പനയായ നിമജ്ജന സ്നാനം ഏറ്റ് യേശുക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തോടു താദാത്മ്യം പ്രാപിച്ചവരായിരിക്കാം. ദൈവജനത്തോടുചേർന്ന് കർത്തൃകല്പനപ്രകാരം രക്ഷകന്റെ മരണപുനരുത്ഥാനത്തെ ഓർപ്പിക്കുന്ന തിരുവത്താഴശുശ്രൂഷയിൽ ദൈവത്തെ അനുസരിക്കുന്നവരായിരിക്കാം. എന്നാൽ അതു മാത്രം പോരാ ഭൂലോകമെങ്ങും പോയി സുവിശേഷം അറിയിച്ച് അവന്റെ സാക്ഷികളാകണം (മത്താ: 28:19,20). ഇതു മറ്റു കല്പനകൾക്ക് ഒപ്പം ആചരിക്കേണ്ട ഒരു നിയോഗമാണ്. എങ്കിൽ എത്ര പേരോടു സുവിശേഷം അറിയിച്ചിട്ടുണ്ട്. നശിച്ചുപോകുന്ന ആത്മാക്കളെയോർത്തു ഭാരമുണ്ടോ? ദൈവകൃപാമഹത്ത്വത്തിന്നായിട്ടാണ് തന്റെ ചങ്കിലെ രക്തം നല്കി കർത്താവു നമ്മെ വീണ്ടെടുത്തു രക്ഷിച്ചത്.

ഹന്നാ ഒരു പ്രവാചകിയായിരുന്നു എന്ന് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു. എന്താണ് പ്രവാചകശുശ്രൂഷ?. ദൈവിക അരുളപ്പാടുകളെ അറിയിക്കുകയാണ് പ്രവാചകശുശ്രൂഷ. ഹന്നായുടെ പ്രവചനങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. ഹാനോക്ക് ദൈവത്തോടുകൂടെ നടന്നവനാണ്. എന്നാൽ പഴയ നിയമത്തിൽ ഒരു പ്രവചനവും രേഖപ്പെടുത്തിയിട്ടില്ല. പുതിയ നിയമത്തിൽ യൂദായുടെ ലേഖനത്തിൽ ഹാനോക്കിന്റെ പ്രവചനം കാണപ്പെടുന്നു.
യൂദാ. 14-15

ദൈവമക്കളെ പ്രവാചകന്മാരായും, പുരോഹിതന്മാരായും രാജാധിരാജാവായ കർത്താവിനോടുകൂടി വാഴുന്നവരുമായിട്ടാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ഹാ! ദൈവ മക്കളേ നാം എത്ര ഭാഗ്യശാലികൾ. ധന്യനായ ത്രിയേകദൈവത്തിന്റെ തിരുനാമം ഇന്നും എന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ.


## സൗജന്യ വേദാദ്ധ്യയനം



**ഇംഗ്ലീഷിലോ മലയാളത്തിലോ ഉള്ള വേദപാഠങ്ങൾ തപാൽ വഴി പഠിച്ച് ഡിപ്ലോമായും പഴയതും പുതിയതും നിയമങ്ങൾ അടങ്ങിയ മുഴുവേദപുസ്തകവും കരസ്ഥമാക്കുക.**

*സൗജന്യ കറസ്പോണ്ടൻസ് കോഴ്സുകൾക്ക് എഴുതേണ്ട വിലാസം*

**The Director**
Good News Ministries
Akkulam Road, Trivandrum - 695 031

# സ്ത്രീകൾക്ക് സാമൂഹ്യരംഗത്ത് മാന്യതയും വ്യക്തിത്വവും നേടിത്തന്നത് ക്രൈസ്തവ മിഷനറിമാർ

റവ. എ. ജെ. ജോൺ, കൊഴുവല്ലൂർ

പത്തൊമ്പതാം നൂറ്റാണ്ടിൽ പ്രൊട്ടസ്റ്റന്റ് മിഷനറിമാർ തിരുവിതാംകൂറിൽ സുവിശേഷീകരണവും അനുബന്ധവിദ്യാഭ്യാസ പ്രവർത്തനങ്ങളും ആരംഭിക്കുന്നതിന്നു മുമ്പ് സ്ത്രീകളുടെ സാമൂഹ്യാവസ്ഥ പരമദയനീയമായിരുന്നു. വിദ്യാഭ്യാസരംഗം പൊതുവെ ശുഷ്ക്കമായിരുന്നു. അക്കാലത്തു സ്ത്രീവിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തിക്കുവാൻപോലും സ്വാതന്ത്ര്യമില്ലായിരുന്നു. കേരളത്തിലെ അറിയപ്പെടുന്ന പെണ്ണെഴുത്തുകാരും ഫെമിനിസ്റ്റുകളും കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ മഹത്ത്വവും പുരാതനത്ത്വവും വർണ്ണിച്ചു വർണ്ണിച്ചു പുറകോട്ടുപോകുമ്പോൾ പത്തൊമ്പതാം നൂറ്റാണ്ടിന്റെ കറുത്ത അദ്ധ്യായങ്ങളെ ബോധപൂർവ്വം വിസ്മരിക്കുന്നു. അഥവാ അനുസ്മരിച്ചാൽത്തന്നെ വി.ടി. ഭട്ടതിരിപ്പാടിൽ ഒതുങ്ങി നില്ക്കുന്നു എന്നതാണ് ദുഃഖകരം.

നൂറ്റാണ്ടുകൾക്ക് മുമ്പുള്ള തിരുവിതാംകൂറിന്റെ ചരിത്രം പരിശോധിച്ചാൽ സ്ത്രീകൾക്ക് ലഭിക്കാവുന്ന ഏറ്റവും വലിയജോലി അമ്പലങ്ങളിലെ “അടിച്ചുതളി” ആയിരുന്നു എന്നു മലയിൻകീഴ് ഗോപാലകൃഷ്ണൻ രേഖപ്പെടുത്തിയിട്ടുണ്ട്. (നഗരപ്പഴമ, മാതൃഭൂമി 2014 ജനു. 20) അമ്പലങ്ങളിലെ അടിച്ചുതളി അക്കാലത്തു വളരെ മാന്യതയുള്ള ജോലിയായിരുന്നു. (ഇന്നത്തെ തൂപ്പുകാരി) 1469- കാലഘട്ടത്തിൽ പത്മനാഭസ്വാമി ക്ഷേത്രത്തോടനുബന്ധിച്ചുള്ള മാർത്താണ്ഡമഠത്തിൽ ജോലിചെയ്തിരുന്ന അടിച്ചുതളിക്കാരിയോട് അപമര്യാദയായി പെരുമാറിയ ഗാർഡിന് കടുത്ത ശിക്ഷ നല്കിയതായി മതിലകം രേഖയിലുണ്ടത്രേ!



കാർത്തികപ്പള്ളിയിലെ ബെട്ടിമന നാടുവാഴിയുടെ വിളംബരത്തെക്കുറിച്ച് കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ എന്ന പുസ്തകത്തിൽ (Pg. 140-141) ഇളംകുളം കുഞ്ഞൻപിള്ള രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്. ‘‘നമ്മുടെ രാജ്യത്ത് സ്വജാതിയിലോ ഉയർന്നജാതിയിലോ പെട്ട പുരുഷനുവശംവദയാകാത്ത സന്മാർഗ്ഗഹീനകളായ സ്ത്രീകളുണ്ടെങ്കിൽ അവരെ ഉടൻ വധിക്കേണ്ടതാകുന്നു”. അക്കാലത്തെ സ്ത്രീകളുടെ സന്മാർഗ്ഗത്തിന്റെ മാനദണ്ഡം ഭരണാധികാരിയുടെ ധർമ്മത്തിൽ ഇന്നത്തേതിൽനിന്നും നേരെ വിപരീതമായിരുന്നു. ശൂദ്രസ്ത്രീ (നായർ സ്ത്രീ)ക്ക് പാതിവ്രത്യം അരുതെന്നും ബ്രാഹ്മണനാൽ സന്താനം ഉണ്ടായാലേ നല്ല സന്തതികൾ ഉണ്ടാകൂ എന്നു ബ്രാഹ്മണർ അക്കാലത്ത് പ്രചരിപ്പിച്ചിരുന്നതായി കേരള സാംസ്കാരിക ചരിത്രം എന്ന പുസ്തകത്തിൽ (Pg.433) പി.കെ. ഗോപാലകൃഷ്ണൻ രേഖപ്പെടുത്തിയിട്ടുണ്ട്. മലയാള കാവ്യ ചരിത്രത്തിന്റെ പൂർവ്വകാല ശ്രോതസ്സുകൾ തേടിപ്പോകുന്നവർ ചെന്നെത്തുന്ന “ഉണ്ണിച്ചിരുതേവിയും’’ ‘‘ഉണ്ണിയാടീചരിതവും’’ മറ്റും അക്കാലത്തെ ത്രൈവർണ്ണികരുടെ ഭോഗലാലസതയുടെയും ലൈംഗിക അരാജകത്ത്വത്തിന്റെയും അറിവടയാളങ്ങളാണ്.

അക്കാലത്ത് സ്ത്രീ കേവലം പുരുഷന്റെ സുഖഭോഗവസ്തുമാത്രമായിരുന്നു. വിധവയായ അന്തർജനം ഗർഭിണിയായാൽ അറയിൽ അടച്ച് നടത്തപ്പെടുന്ന കുറ്റവിചാരണയ്ക്ക് സ്മാർത്തവിചാരം എന്നാണ് ബ്രാഹ്മണർ പറഞ്ഞിരുന്നത്. അങ്ങനെ സ്മാർത്തവിചാരത്തിനു വിധിക്കപ്പെടുന്ന അന്തർജനത്തിനു സ്വന്തംപേരുപോലും നഷ്ടപ്പെടുന്ന അഥവാ വ്യക്തിത്വം തന്നെ ഇല്ലാതാകുന്നു. ഈ അവസ്ഥയിൽ ബ്രാഹ്മണർ ചൂരൽകൊണ്ട് അടിച്ച് കുറ്റം തെളിയിക്കുമ്പോൾ ആ ബ്രാഹ്മണസ്ത്രീയെ "സാധനം" എന്നാണ് വിളിക്കുക. ബ്രാഹ്മണ വിധവയ്ക്ക് പുനർവിവാഹം നിഷിദ്ധമായിരുന്നു. കേരളത്തിൽ വി.ടി.ഭട്ടതിരിപ്പാട് ബ്രാഹ്മണവിധവയുടെ പുനർവിവാഹം എന്ന ആശയവുമായി രംഗത്തുവരുന്നതിനും ഒരു നൂറ്റാണ്ടുമുമ്പാണ് ക്രിസ്തീയമിഷനറിയായ വില്യംകേറിയും പണ്ഡിതരമാബായിയും വിധവകളുടെ പുനർവിവാഹവും പുനരധിവാസവും നടത്തി വിപ്ലവം സൃഷ്ടിച്ചത്. കേരളത്തിന്റെ നവോത്ഥാനചരിത്രത്തിലെ ആദ്യവിപ്ലവമായ മാറുമറയ്ക്കൽ സമരം അഥവാ ചാന്നാർ ലഹളയ്ക്ക് കാരണമായത് ക്രിസ്തീയ മിഷനറിമാർ നടത്തിയ സുവിശേഷീകരണവും വിദ്യാഭ്യാസപ്രവർത്തനങ്ങളുമായിരുന്നു.

1932 കാലത്ത് തിരുവനന്തപുരം ഹജൂർ കച്ചേരിയിൽ ഒരു വനിതയെ ക്ലാർക്കായി നിയമിച്ചത് ദീപം എന്ന പത്രത്തിലെ പ്രധാനവാർത്തയായിരുന്നു. 2014-ൽ ഇതൊരു വാർത്തയാകുന്നില്ല. വനിതകൾക്ക് സർക്കാർ ജോലികിട്ടുക മാത്രമല്ല ബിരുദം നേടുന്നതും വലിയ വാർത്തയായിരുന്നു. ഹിന്ദുമതത്തിന്റെ അടിസ്ഥാനപ്രമാണങ്ങളിലൊന്നായ മനുസ്മൃതിയുടെ നിയമപ്രകാരം സ്ത്രീ ഒരിക്കലും സ്വതന്ത്രയാകാൻ പാടില്ല എന്നാണ് പ്രസ്തുത നിയമം ഉപയോഗിച്ചാണ് ബ്രാഹ്മണർ നായർ സ്ത്രീകളേയും; നായർ കീഴാള സ്ത്രീകളേയും അടിമകളാക്കി അടിച്ചമർത്തിയിരുന്നത്. എന്നാൽ മിഷനറിമാർ ആരംഭിച്ച വിദ്യാലയങ്ങളിൽ വർഗ്ഗവർണ്ണ വ്യത്യാസമില്ലാതെ എല്ലാവർക്കും പ്രത്യേകിച്ച് സ്ത്രീകൾക്കും പ്രവേശനം ലഭിച്ചു തുടങ്ങിയപ്പോൾ മിഷനറിസ്കൂളുകളെ അനുകരിച്ച് തിരുവിതാംകൂർ സർക്കാരും വിദ്യാഭ്യാസ രംഗത്തുകടന്നുവന്നു. സ്വാതി തിരുനാൾ മഹാരാജാവിന്റെ കാലത്തു തിരുവനന്തപുരത്തു ഇന്നത്തെ ആയുർവ്വേദ കോളേജിന്റെ സ്ഥാനത്തു റോബർട്ട് എന്ന മിഷനറിയുടെ നേതൃത്വത്തിൽ ഒരു ഇംഗ്ലീഷ് സ്കൂൾ സർക്കാർ ആരംഭിച്ചു. അതു വളർന്നു ഹൈസ്ക്കൂളും ഒടുവിൽ മഹാരാജാസ് കോളേജുമായി. അവിടെ പഠിക്കാനെത്തിയ ആദ്യ വനിതയാണ് പിന്നീട് ചരിത്രത്തിൽ അറിയപ്പെടുന്ന ഡോ. മേരി പുന്നൻ ലൂക്കോസ് ആയത്. തിരുവിതാംകൂർ റീജന്റായി ഭരണം നടത്തിയിരുന്ന റാണി സേതുലക്ഷ്മിഭായി (1924-1931) ആദ്യമായി ഒരു വനിതയെ തിരുവിതാംകൂർ നിയമസഭയിലേക്ക് നോമിനേറ്റ് ചെയ്തത് ഡോ. മേരി പുന്നൻ ലൂക്കോസിനെ ആയിരുന്നു. തിരുവനന്തപുരത്തു പഠിച്ച അന്നചാണ്ടി ഇന്ത്യയിലെ ആദ്യ വനിതാ ജഡ്ജി ആയതും ആനി മസ്ക്രിൻ ഇന്ത്യൻ ഭരണഘടനയുടെ കരടിൽ ഒപ്പിട്ട ദക്ഷിണേന്ത്യൻ വനിതയായി ഉയർന്നതും മിഷനറിമാരുടെ സുവിശേഷീകരണത്തിന്റെയും വിദ്യാഭ്യാസ പ്രവർത്തനങ്ങളുടേയും ഫലമാണ്. ആധുനിക വനിതകൾ സുവിശേഷീകരണത്തെ അവഗണിക്കാതിരിക്കുക; കേരളീയ സമൂഹം മൊത്തത്തിൽ സുവിശേഷീകരണത്തോടു കടപ്പെട്ടിരിക്കുന്നു.

*(തുടരും)*

# ആണും പെണ്ണും ക്രിസ്തുവിൽ ഒന്ന്


(ഗലാത്യർ 3: 27-28)

ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം

*യെഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല; ആണും പെണ്ണും എന്നുമില്ല, നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ. (ഗലാ. 3: 27-28)*

സ്ത്രീ-പുരുഷസമത്വമാണു പ്രതിപാദ്യവിഷയമെന്ന് ഈ ലേഖനത്തിന്റെ ശീർഷകം കാണുമ്പോൾ ചിലരെങ്കിലും ചിന്തിച്ചിരിക്കാം. ചില വിദേശരാജ്യങ്ങളിലെ ഭരണത്തലപ്പത്ത് സ്ത്രീകളാണ്. ചില ബഹുരാഷ്ട്രകുത്തക കമ്പനികളുടെ സാരഥികളും നമ്മുടെ നാട്ടിലെ അനേക രാഷ്ട്രീയപാർട്ടികളുടെ സാരഥികളും മാന്യ വനിതകളാണെന്നുള്ള വസ്തുതയും വിസ്മരിക്കരുത്. അങ്ങനെയുള്ളവർ പ്രസ്തുത സ്ഥാനങ്ങൾ അലങ്കരിക്കുന്നത് അനിതര സാധാരണമായ അറിവും കഴിവും കൈമുതലായിട്ടുള്ളവർ ആയതുകൊണ്ടാണ്. അഥവാ, ആ ജോലികളിൽ പുരുഷനേക്കാൾ യോഗ്യത അവർക്കുള്ളതുകൊണ്ടാണ്. മതമണ്ഡലത്തിലും സ്ത്രീ ആൾ - ദൈവങ്ങൾ ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലയളവിലാണു നാം ജീവിക്കുന്നത്. പല സഭകളും ഓർഡിനേഷൻ നല്കി പുരോഹിതരായും പാസ്റ്ററായും വനിതകളെ പട്ടാഭിഷേകം ചെയ്തുകൊണ്ടിരിക്കുന്നു. അത്തരം പ്രവണതകളെ നഖശിഖാന്തം എതിർത്തിരുന്ന വത്തിക്കാൻ പോലും പ്രസ്തുത വിഷയത്തോടു ഇന്ന് മൃദുസമീപനമല്ലേ എന്നു സംശയിക്കുന്നു.

ഗലാത്യർ 3: 27,28ൽ ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന എല്ലാവരും, സ്ത്രീപുരുഷഭേദമെന്യേ ഒരുപോലെ, ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു എന്നും ക്രിസ്തുവിൽ അവർ ഒന്നാണെന്നും അപ്പൊ



സ്തലനായ പൗലൊസ് ആത്മപ്രേരിതനായി പ്രസ്താവിക്കുമ്പോൾ സ്ത്രീകൾക്കും സഭാ നേതൃത്വം നല്കുന്നകാര്യം നമുക്കും ഒന്നു പരിഗണിച്ചു കൂടേ എന്നു ന്യായമായി ചിന്തി ക്കാവുന്നതാണ്. സ്ഥാനത്തിലുള്ള സമത്വം സഭാപരിപാലനത്തിനു സ്ത്രീകളെ യോഗ്യ രാക്കുന്നുവോ എന്ന ചോദ്യത്തിന്റെ ഉത്തരം 'ഇല്ല' എന്നുതന്നെ. ഗലാത്യർ 3:27,28ൽ പുരുഷൻ ചെയ്യേണ്ട ശുശ്രൂഷ സ്ത്രീ ചെയ്യാമെന്ന് അർത്ഥമില്ല. ശുശ്രൂഷയിൽ സമത്വം ആകാമെന്നു പൗലൊസോ ഇതര അപ്പൊസ്തലന്മാരോ വേദപുസ്തകമോ പറഞ്ഞിട്ടില്ല.

ഒന്നാം നൂറ്റാണ്ടിൽ യെഹൂദന്മാരും യവനന്മാരും റോമാക്കാരും പുരുഷനെക്കാൾ താണ വർഗ്ഗമായിട്ടാണു സ്ത്രീകളെ കരുതിയിരുന്നത്. അന്ന് അടിമകൾ വില്പന ച്ചരക്കുകളായിരുന്നുവെങ്കിൽ സ്ത്രീകൾ അടിച്ചമർത്തപ്പെട്ടവരും അവഹേളിതരുമായിരുന്നു.

*'എന്നെ യവനനോ അടിമയായോ സ്ത്രീയായോ സൃഷ്ടിക്കാത്തതിൽ ഞാൻ നിന്നെ സ്തുതിക്കുന്നു'* എന്ന വാചകം പരീശന്റെ പ്രഭാതപ്രാർത്ഥനയുടെ അവിഭാജ്യ ഭാഗമായിരുന്നു. യവനലോകത്തിലാകട്ടെ സ്ത്രീകൾക്ക് അടിമകളുടെ സ്ഥാനമേ ഉണ്ടായിരുന്നുള്ളു.

നമ്മുടെ കർത്താവു സ്ത്രീകളെ വളരെ ബഹുമാനിച്ചിരുന്നു (ലൂക്കൊസ് 7: 36-50; 21:14). പൗലൊസും സ്ത്രീകളെ ആദരിക്കുന്നതു

നമ്മുടെ ഇടയിൽ സ്ത്രീകൾ തെരുക്കോണുകളിലും കൺവെൻഷൻ വേദികളിലും ടെലിവിഷനിലും ഒക്കെ ആർത്തട്ടഹസിച്ച് പുരുഷന്മാരെ ഉപദേശിക്കുന്നത് അപൂർവങ്ങളിൽ അപൂർവമായ ഒരു കാഴ്ച അല്ലാതായിട്ടുണ്ട്. അത് വേദപുസ്തക ഉപദേശത്തിന്റെ പരിധിക്കു പുറത്തല്ലേ? അതേസമയം, സഭായോഗങ്ങളിൽ അവരുടെ നിശ്ശബ്ദസാന്നിധ്യം മാത്രമേ അവരിൽ നിന്നും പ്രതീക്ഷിക്കുന്നുള്ളുവെന്ന പ്രതീതി ജനിപ്പിക്കുമാറ് സ്ത്രീകളെ വായ് തുറന്ന് ആരാധിക്കുവാൻ അനുവദിക്കാത്ത സഭകളും ഉണ്ട്. അവർ ഗാനങ്ങൾ രചിക്കയോ കൂട്ടത്തിൽ പാടുകയോ ഒക്കെ ചെയ്യാം, പക്ഷേ, വായ് തുറന്നു സ്തോത്രം ചെയ്യാൻ, നന്ദിനിറഞ്ഞ ഹൃദയത്തിൽനിന്നും പൊങ്ങിവരുന്ന സ്തുതി സ്തോത്രങ്ങൾ പരസ്യമായി ഉരുവിടാൻ, ഒരു സ്തോത്രഗാനം ആരംഭിക്കാൻ അനുമതിയില്ല. അതിനു വാക്യമുണ്ടെന്നാണ് വ്യാഖ്യാനം. സ്ത്രീകൾ സഭയിൽ മിണ്ടാതിരിക്കണം എന്നു ധന്യനായ പൗലൊസ് അപ്പൊസ്തലൻ ആജ്ഞാപിച്ചിട്ടുണ്ട് എന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം വിലക്കുകൾ നിലവിലുള്ളത്. സ്ത്രീകൾ സഭയിൽ മൗനം പാലിക്കേണ്ടത് എന്തിനാണെന്നു വചനത്തിൽ വ്യക്തത ഉണ്ട്. ഉപദേശിപ്പാനോ പുരുഷന്റെമേൽ അധികാരം നടത്തുവാനോ സ്ത്രീയെ പൗലൊസ് അനുവദിക്കുന്നില്ല. പുരുഷന്മാർ ഉള്ള യോഗങ്ങളിൽ സ്ത്രീകൾ പാട്ട് ആരംഭിക്കാനോ, പ്രാർത്ഥിക്കാനോ അവരുടെ അനുഭവ സാക്ഷ്യം പങ്കിടുവാനോ പൗലൊസ് വിലക്കിയിരുന്നെന്നു ഞാൻ കരുതുന്നില്ല. അങ്ങനെയുള്ള മനോഭാവത്തിന്റെ ഉടമയായിരുന്നു പൗലൊസ് എങ്കിൽ പത്തോളം വനിതകളുടെ പേരുകൾ റോമാ ലേഖനത്തിന്റെ അവസാനഅദ്ധ്യായത്തിൽ താൻ പ്രത്യേകം എടുത്തുപറഞ്ഞ് അവരെ ആദരിക്കയില്ലായിരുന്നുവെന്നു ഞാൻ ചിന്തിക്കുന്നു. ചില സഹോദരിമാർക്കു ശുശ്രൂഷകനേക്കാൾ ശ്രദ്ധേയം. ആദിമസഭയിൽ സഹോദരിമാർക്കു പുതിയൊരു നിലയും വിലയും ലഭിച്ചു. പുരുഷന്റെ തത്തുല്യമായ സ്ഥാനം ഉണ്ടായിരുന്നു(ഫിലേ. 1,2 വായിക്കുക). അവരിൽ ഗണനീയരായിരുന്നു അക്വിലാ-പ്രിസ്കില്ല ദമ്പതികൾ, ഫിലേമോൻ-അപ്പിയാ ദമ്പതികൾ, അന്ത്രൊനിക്കൊസ്-യൂനിയാ ദമ്പതികൾ, ഫിലൊലോഗോസ്-യൂലിയാ ദമ്പതികൾ. എന്നിരുന്നാലും യേശുക്രിസ്തുവിന്റെ ശിഷ്യഗണത്തിൽ സ്ത്രീകൾ ഇല്ലായിരുന്നു. തിരുമേശാചരണ സമയത്ത് സ്ത്രീകൾ അവിടെ സന്നിഹിതരായിരുന്നു എന്നതിനു തെളിവില്ല. മിഷണറിമാരായി അയയ്ക്കപ്പെട്ടവരിലും സ്ത്രീകൾ ഇല്ലായിരുന്നു. പഴയ-പുതിയ നിയമഗ്രന്ഥ കർത്താക്കളിലും സ്ത്രീകളുടെ പേരുകൾ കാണുന്നില്ല. ആദിമസഭകളിലൊന്നുംതന്നേ നേതൃസ്ഥാനത്ത് സ്ത്രീകൾ ഉണ്ടായിരുന്നതായി ഒരു പരാമർശവും കാണുന്നില്ല. ചുരുക്കത്തിൽ സഭയുടെ നേതൃസ്ഥാനം സ്ത്രീകൾക്കുള്ളതല്ല എന്ന് നിസ്സംശയം പറയാവുന്നതാണ്.

സ്ത്രീകൾക്കു നേതൃസ്ഥാനം കൊടുക്കണ്ടാ, പക്ഷേ, അവർ ന്യായമായി അർഹിക്കുന്ന സ്ഥാനമെങ്കിലും കൊടുക്കാൻ നാം വിമുഖരാണെന്ന വസ്തുത ഒരു ദുഃഖസത്യമായി അവശേഷിക്കുന്നു. ഉദാഹരണമായി, ഞാനും എന്നോടൊപ്പം കർത്താവിന്റെ വേലയിൽ വ്യാപൃതയായിരിക്കുന്ന എന്റെ സഹധർമ്മിണിയും കൂടി ഒരു പരിപാടിയിൽ സംബന്ധിക്കുവാൻ ചെന്നാൽ എന്റെ ശ്രീമതിയെ പരിചയപ്പെടുത്തുവാൻ സംഘാടകർ മറക്കുന്നത് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. അതൊരു പരാതിയായിട്ടല്ല ഇവിടെ എഴുതുന്നത്, പ്രത്യുത നമ്മൾ പൊതുവെ സ്ത്രീകളെ അവഗണിക്കുന്നതിന്റെ ഉദാഹരണം മാത്രം. അത്തരം സന്ദർഭങ്ങളിൽ എന്റെ ഭാര്യയെ പരിചയപ്പെടുത്തുന്നതിൽ എനിക്ക് ഒട്ടും മടിയില്ല എന്നതും പ്രസ്താവ്യമാണ്.

തിരുവചനജ്ഞാനമുണ്ടായിരിക്കാം. എന്നാൽ അവർപോലും നിശ്ശബ്ദരായിരുന്ന് പഠിക്കേണ്ട തിനുപകരം പുരുഷനെ പഠിപ്പിക്കാൻ ശ്രമിക്കയോ പരസ്യമായി തെറ്റുതിരുത്താൻ ശ്രമിക്കയോ ചെയ്യുന്നത് വചനാനുസൃതമല്ല. പൗലൊസ് ഒരു സ്ത്രീ-വിദ്വേഷി ആയിരുന്നു എന്നു ഞാൻ കരുതുന്നില്ല. പ്രത്യുത, ദൈവികവ്യവസ്ഥ അദ്ദേഹം നമ്മെ തന്റെ ലേഖനത്തിലൂടെ അറിയിച്ചു എന്നു മാത്രം. റോമർ പതിനാറാം അദ്ധ്യായത്തിൽ പേർപറയപ്പെട്ട വനിതകളിൽ ആരും തന്നെ സഭാശുശ്രൂഷകന്റെ വേലയിൽ ഏർപ്പെട്ടിരുന്നു വെന്നതിന് തെളിവില്ല. അവർ സഭയിലെ രോഗികളെ ശുശ്രൂഷിച്ചു; സാധുക്കൾക്കും അഗതികൾക്കും തടവുകാർക്കും സഹായ മെത്തിച്ചു; നല്ല ആതിഥ്യമര്യാദകൾ പാലിച്ചു; സഭാശുശ്രൂഷകരെ കരുതി; സ്ത്രീകളെയും കുഞ്ഞുങ്ങളെയും തിരുവചനം പഠിപ്പിച്ചു തുടങ്ങി സഭയുടെ ഭൗതികവും ആത്മിക വുമായ പുരോഗതിക്കുവേണ്ടി യത്നിച്ചു. എന്നിരുന്നാലും അവരാരുംതന്നെ സഭാശു ശ്രൂഷകർ ആയിരുന്നില്ല.

1 കൊരിന്ത്യർ 11 ന്റെ 3-ാം വാക്യം ഈ വിഷയത്തോടുള്ള ബന്ധത്തിൽ വളരെ ശ്രദ്ധേയമായ ഒരു വാക്യമാണ്.

*എന്നാൽ ഏതു പുരുഷന്റെയും തല ക്രിസ്തു. സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയേണം എന്നു ഞാൻ ആഗ്രഹിക്കുന്നു.. തുടർന്ന് 7,8 വാക്യങ്ങളും ശ്രദ്ധേയമാണ്.*

പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസ്സും ആകയാൽ (പുരുഷന്മാർ ഈ സത്യം മനസ്സിലാക്കുന്നുണ്ടോ എന്നു സംശയിക്കുന്നു) മൂടുപടം ഇടേണ്ടതില്ല.. സ്ത്രീയോ പുരുഷന്റെ തേജസ്സ് ആകുന്നു. പുരുഷൻ സ്ത്രീയിൽ നിന്നല്ലല്ലോ സ്ത്രീ പുരുഷനിൽ നിന്നത്രേ ഉണ്ടായത്. പുരുഷൻ സ്ത്രീക്കായിട്ടല്ല, സ്ത്രീ പുരുഷനായിട്ടല്ലോ സൃഷ്ടിക്കപ്പെട്ടത്.

ഇത് ദൈവദത്തമായ അധികാര ശ്രേണിയാണ്. (heirarchy). അതിനെ അട്ടിമറി ക്കുവാൻ ശ്രമിക്കുന്നത് ദൈവത്തോടുള്ള വെല്ലുവിളിയല്ലാതെ പിന്നെന്താണ്?

നേതൃത്വവും ഉപദേശിക്കുന്നതും ഒഴികെ സഹോദരിമാർക്കു ചെയ്യാവുന്ന നിരവധി ആത്മീയശുശ്രൂഷകൾ സഭാത ലത്തിൽ ഉണ്ടെന്നു ഓർക്കുക. അവ, സഹോദരിമാരെ ഉപദേശിക്കുക, സോദരീ സമാജം, സ്ത്രീകളെയും കുഞ്ഞുങ്ങളെയും വചനംപഠിപ്പിക്കുക, ആതുര-ജീവകാ രുണ്യപ്രവർത്തനങ്ങൾ, സത്പ്രവൃത്തികൾ, അതിഥി സത്കാരം, ആളാംപ്രതിയുള്ള സുവിശേഷവേല- സ്വാനുഭവം സ്ത്രീപുരുഷ ഭേദമെന്യേ ആരോടും പറയാവുന്നതാണ്. സ്ത്രീ- പുരുഷഭേദം കൂടാതെ ലഘുലേഖകൾ വിതരണം ചെയ്യുക, മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുക അവയ്ക്കൊന്നും സഹോദരി മാർക്കു വിലക്കൊന്നുമില്ല.

എന്നാൽ സ്ത്രീക്ക് ചില സന്ദർഭങ്ങ ളിലും സ്ഥാനങ്ങളിലും പുരുഷനേക്കാൾ ഉത്തരവാദിത്തം ദൈവം കൊടുത്തിട്ടുണ്ട്. ഒരു കുടുംബിനിയെന്ന നിലയിൽ മക്കളെ വളർത്തുന്ന കാര്യത്തിൽ പുരുഷനേക്കാൾ കൂടുതൽ ഉത്തരവാദിത്തം സ്ത്രീക്കാണുള്ളത്. ദൈവപുരുഷനായ മോശെയുടെ മാതാവ് (പുറ.2:19) തിമൊഥെയൊസിന്റെ അമ്മ (2 തിമൊ. 1:5) തുടങ്ങിയ സ്ത്രീരത്നങ്ങൾ തങ്ങളുടെ മക്കളെ ദൈവവഴിയിൽ വളർത്തി യതുകൊണ്ടാണ് പില്ക്കാലത്ത് ദൈവത്തിനു അവരെക്കൊണ്ടു വൻകാര്യങ്ങൾ ചെയ്യുവാൻ കഴിഞ്ഞത്. സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെ തന്നെയും ഭാവിഭാഗധേയം നിർണ്ണയിക്കേണ്ട തലമുറയെ വാർത്തെടുക്കാനുള്ള കർത്ത വ്യമാണ് മാതാപിതാക്കളിൽ, വിശിഷ്യ മാതാക്കളിൽ നിക്ഷിപ്തമായിരിക്കുന്നത് എന്ന വസ്തുത വനിതകൾ വിസ്മരിച്ചുകൂടാ.

*ശേഷം പേജ് 15 കാണുക.*

# ഒഴിഞ്ഞ ഇരിപ്പിടം

ജെസി ബെൻസെൻ, കൊച്ചി

ശൗൽ രാജാവ് ദാവീദിനെ കൊല്ലു വാൻ നിർണ്ണയിച്ചിരിക്കുന്നു എന്നു യോനാ ഥാൻ തിരിച്ചറിഞ്ഞത്, പന്തിഭോജനത്തിൽ ദാവീദിന്റെ ഇരിപ്പിടം ഒഴിഞ്ഞുകിടക്കുന്നതു കണ്ട് ശൗൽ കോപിച്ചപ്പോഴായിരുന്നു. "ഞാനും രാജാവിനോടുകൂടെ പന്തിഭോജനത്തിൽ ഇരി ക്കേണ്ടതല്ലോ" എന്നു ദാവീദ് പറയുന്നതിൽ നിന്നും അവിടെ അവന്റെ സാന്നിധ്യം വളരെ ശ്രദ്ധേയമായ ഒന്നാണെന്നും "നിന്റെ ഇരിപ്പിടം ഒഴിഞ്ഞിരിക്കുമ്പോൾ ..........." എന്നു യോനാ ഥാൻ പറയുന്നതിൽ നിന്നും ദാവീദിനുവേണ്ടി ആ പന്തിഭോജനത്തിൽ ഒരു പ്രത്യേകം ഇരി പ്പിടം ഉണ്ടെന്നും വ്യക്തമാകുന്നുണ്ട്. (1ശമു: 20:5, 18, 27, 33) അമാവാസ്യയുടെ പിറ്റെന്നാളും ദാവീദിന്റെ സ്ഥലം അഥവാ അവനുവേണ്ടി ഒരു ക്കപ്പെട്ടിരുന്ന ഇരിപ്പിടം ഒഴിഞ്ഞുകിടക്കു ന്നതുകണ്ട് രാജാവ് അതിന്റെ കാരണം അന്വേ ഷിക്കയും യോനാഥാനോട് കോപിക്കയും ചെയ്തു.

എന്നാൽ ദാവീദ് രാജാവായപ്പോൾ ശൗലിന്റെ കൊച്ചുമകനായ മെഫീബോശെ ത്തിന് ദാവീദിന്റെ മേശയിങ്കൽ ഒരു ഇരിപ്പിടം അനുവദിച്ചിരുന്നു. "നീയോ നിത്യം എന്റെ മേശ യിങ്കൽ ഭക്ഷണം കഴിച്ചുകൊള്ളേണം. എന്ന തായിരുന്നു ദാവീദിന്റെ കല്പന. (2 ശമുവേൽ 9:7) ആകയാൽ മെഫീബോശെത്തോ രാജകു മാരന്മാരിൽ ഒരുത്തൻ എന്നപോലെ ദാവീ ദിന്റെ മേശയിങ്കൽ ഭക്ഷണം കഴിച്ചുപോന്നു. അവനുവേണ്ടി ഒരുക്കി ഒഴിച്ചിട്ടിരിക്കുന്ന ഒരു ഇരിപ്പിടം രാജകൊട്ടാരത്തിൽ ഉണ്ടായിരുന്നു. രാജാവ് ഭക്ഷണത്തിനിരിക്കുമ്പോൾ, ആ ഇരി പ്പിടം ഒഴിഞ്ഞുകിടക്കുന്നതു കണ്ടാൽ രാജാവ് അതിന്റെ കാരണം അന്വേഷിക്കും. നിസ്സാര കാരണം പറഞ്ഞ് രാജകല്പന ലംഘിച്ച്, രാജാ വിനൊപ്പം ഭക്ഷണം കഴിക്കയും കൂട്ടായ്മ



പുലർത്തുകയും ചെയ്യാ നുള്ള അവസരം അവഗ ണിക്കുന്നത് രാജ നിന്ദയാണ്.

പുതിയനിയമത്തി ലേക്ക് വരുമ്പോൾ ലാസർ കർത്താവിനൊപ്പം പന്തി യിൽ ഇരിക്കുന്നതായി കാണുന്നു. "ലാസറോ അവനോടുകൂടെ പന്തിയിൽ ഇരുന്നവരിൽ ഒരു വൻ ആയിരുന്നു". (യോഹ. 12:2) കർത്താവി നുവേണ്ടി അവർ ഒരുക്കിയ അത്താഴവിരുന്നാ യിരുന്നു അത്. എങ്കിലും കർത്താവിനൊപ്പം ലാസറും പന്തിയിലിരുന്നു. അഥവാ ലാസറിനും അവിടെ ഒരു ഇരിപ്പിടം ഉണ്ടായി രുന്നു. ഉയിർപ്പിച്ചവനും ഉയിർത്തവനും ഒരുമി ച്ചിരുന്ന് ഭക്ഷിക്കയും കൂട്ടായ്മ ആചരിക്കയും ചെയ്യുന്ന രംഗമായിരുന്നു അത്. "ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴി ക്കുന്ന" അതിമനോഹരമായ രംഗമായിരുന്നു അത്. (വെളി: 3:20) അവന്റെ നിഴലിൽ അതി മോദത്തോടെയിരുന്ന് ഭക്ഷിക്കുന്ന കൂട്ടായ്മയാ ണത്. (ഉത്ത: 2:3) ഭക്ഷണസമയത്ത് ബോവസ് രൂത്തിനെ ഭക്ഷണം കഴിക്കാനായി വിളിക്കയും അവൾ അവിടെ കൊയ്ത്തുകാരുടെ അരികെ ഇരിക്കയും അവന്റ ഭക്ഷണത്തിന്റെ രുചി ആസ്വ ദിക്കയും ചെയ്തു.

നാം കർത്താവിനെ കൈക്കൊണ്ട തോടെ നമുക്കും അവനോടൊപ്പം പന്തിഭോ ജനത്തിനായി ഒരു ഇരിപ്പിടം ഒരുക്കപ്പെട്ടിട്ടു ണ്ട്. അത് അവനോടുള്ള കൂട്ടായ്മ പുലർത്തു ന്നതിനും അവൻ ചെയ്ത നന്മയെ ഓർത്ത് നന്ദിയും, സ്തുതിയും, സ്തോത്രവും അർപ്പിച്ച് ആരാധിക്കുന്നതിനുള്ളതുമാണ്. അതെ, രാജാ വിനൊപ്പം ഭക്ഷണത്തിനിരിപ്പാൻ നാമും

ക്ഷണിക്കപ്പെട്ടവരാണ്. നമുക്കു വേണ്ടി ഒരുക്കപ്പെട്ട ആ ഇരിപ്പിടം ഒഴിഞ്ഞുകിടക്കുന്നത് അവനെ നിന്ദിക്കയും നിരസിക്കയും ചെയ്യുന്നതിനു തുല്യമാണ്.

ആകയാൽ ഒരുക്കപ്പെട്ട മനസ്സോടെ ദൈവസന്നിധിയിലേക്ക് വന്ന് നമുക്കുള്ള ഇരിപ്പിടത്തിൽ അവനോടൊപ്പം ഇരുന്ന് അവന്റെ മേശയിങ്കൽ നിന്നും ഭക്ഷിക്കാം. “രാജാവ് ഭക്ഷണത്തിനിരിക്കുമ്പോൾ എന്റെ ജടാമാംസി സുഗന്ധം പുറപ്പെടുവിക്കുന്നു” (ഉത്തമ:1:12) എന്നു ശൂലമിയോടു ചേർന്നു പറയാം. നമ്മുടെ ഇരിപ്പിടം ഒഴിച്ചിടാതിരിക്കാം. സാത്താന് ഇടം കൊടുക്കാതിരിക്കാം. ആരാധനായോഗങ്ങൾ ഉപേക്ഷയായി കരുതാതിരിക്കാം. ദൈവകോപത്തിന് ഇടം കൊടുക്കാതിരിക്കാം. ദൈവം കൃപ നല്കട്ടെ.

---

*പേജ് 13 ന്റെ തുടർച്ച* (ആണും പെണ്ണും ക്രിസ്തുവിൽ ഒന്ന്)

അവിവാഹിതരായ വനിതാമിഷണറിമാർ ഞങ്ങളോടൊപ്പം പ്രവർത്തിച്ചിട്ടുണ്ട്. അവർ സഭാഭരണത്തിൽ ഒരിക്കലും കൈകടത്തുകയോ ശുശ്രൂഷകരെ സ്വാധീനിക്കുവാൻ ശ്രമിക്കയോ ചെയ്തിട്ടില്ല. ഞങ്ങളുടെ ലൈബ്രറി, വെക്കേഷൻ ബൈബിൾ സ്കൂൾ, സൺഡേസ്കൂൾ മുതലായ പ്രവർത്തനങ്ങളിൽ അദ്ധ്യാപിക, ഒരു ടീം മെമ്പർ, സോദരീസമാജത്തിന്റെ സംഘാടക, കൺസൽറ്റന്റ് ഇത്യാദി നിലകളിൽ സ്തുത്യർഹമായ സേവനമാണ് അവർ അനുഷ്ഠിച്ചത്. അവർക്ക് യാതൊരു അപകർഷതാബോധവും ഇല്ലായിരുന്നു.

വിലക്കില്ലാത്ത എത്രയോ കാര്യങ്ങൾ ചെയ്യാമെന്നിരിക്കെ വചനവിരുദ്ധമായ കാര്യങ്ങൾ ചെയ്യണമെന്നു ശഠിക്കുന്നത് ഒരു വൈരുദ്ധ്യമല്ലേ? ചിന്തിക്കുക. പുരുഷന്റെ മേൽ കർതൃത്ത്വം നടത്താനുള്ള അഭിവാഞ്ഛ കർതൃത്ത്വത്തിനു വിധേയപ്പെടുന്നതിലുള്ള വിമുഖതയല്ലേ, ചിന്തിക്കുക. ദൈവിക വ്യവസ്ഥിതിയോടല്ലേ അപ്പോൾ സ്ത്രീ മറുതലിക്കുന്നത്? സഭാഭരണമില്ലാത്തതു കൊണ്ട് സ്ത്രീക്കു രണ്ടാം ക്ലാസ് പൗരത്വമേയുള്ളു എന്ന ആശങ്ക വേണ്ടാ. എന്തുകൊണ്ടെന്നാൽ, ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റിരി ക്കുന്ന ആണും പെണ്ണും ഒരുപോലെ ക്രിസ്തുവിൽ ഒന്നത്രേ.

---



## ഓൺലൈൻ ക്രൈസ്തവ വനിത

2010 നവംബർ മുതലുള്ള ക്രൈസ്തവ വനിത സൗജന്യമായി വായിക്കുവാൻ ഗുഡ്ന്യൂസിന്റെ വെബ്സൈറ്റു സന്ദർശിക്കുക.

http://www.gncs.org/ministries_ publications.htm/

ലോകത്തിന്റെ ഏതുഭാഗത്തുനിന്നും മലയാളഭാഷ അറിയാവുന്ന ഏവർക്കും ബൈബിൾ പഠിക്കയും ക്രൈസ്തവ വനിത വായിക്കയും ചെയ്യാനുള്ള സംവിധാനമായി. നിങ്ങളുടെ വിദേശത്തുള്ള ബന്ധുമിത്രാദികളെ ഈ വിവരം അറിയിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

# ഭാര്യാഭർത്താക്കന്മാരേ ഇതു ശ്രദ്ധിപ്പിൻ

ഡോ. പി. കെ. സാം മല്ലശ്ശേരി

ഭാര്യാഭർത്താക്കന്മാർക്കുള്ള ഉപദേശം വേദപുസ്തകത്തിൽ ധാരാളമുണ്ട്. ഭർത്താവിന്റെയും ഭാര്യയുടെയും ജീവിതം ആരംഭിക്കേണ്ടത് ക്രിസ്തുവിൽ അടിസ്ഥാനമിട്ടായിരിക്കണം. ദാമ്പത്യം ആരംഭിക്കുമ്പോൾതന്നെ ശുഭാപ്തിവിശ്വാസത്തോടെ സകലതും നോക്കേണം. സ്ത്രീജനം ബലഹീനപാത്രമാണെന്നും അവരെ ഭർത്താക്കന്മാർ ബഹുമാനിക്കണമെന്നും ബൈബിളിൽ പറഞ്ഞിട്ടുണ്ട്. ബലഹീനപാത്രമല്ലെങ്കിൽകൂടെ ഭാര്യയ്ക്ക് ബഹുമാനം കൊടുക്കണമെന്നു പറയുവാനാണെനിക്കാഗ്രഹം. 'നിന്റെ വീട്ടിൽ വന്നിരിക്കുന്ന സ്ത്രീയെ യഹോവ റാഹേലിനെപ്പോലെയും ലേയയെപ്പോലെയും ആക്കട്ടെ. അവർ ഇരുവരുമല്ലോ ഇസ്രയേൽ ഗൃഹം പണിതത് (രൂത്ത് 4:11) എന്നു പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് സഹധർമ്മിണിക്ക് ഇസ്രായേൽ ഗൃഹം പണിഞ്ഞവരെപ്പോലെ പ്രാധാന്യം കൊടുക്കണം. സ്ത്രീകളാണല്ലോ ഒരു ഭവനം പണിയാൻ മുൻകൈയെടുക്കുന്നത്. ഒരു ചൈനീസ് പഴമൊഴി ഓർത്തുപോകുന്നു. 'നൂറു പുരുഷന്മാർ സംഘടിച്ചാൽ ഒരു സൈനിക പാളയം ഉണ്ടാക്കാം എന്നാൽ ഒരു ഭവനം ഉണ്ടാക്കാൻ ഒരു സ്ത്രീതന്നെ വേണം.' ഏതായാലും ഭർത്താവായ പുരുഷൻ ദാമ്പത്യജീവിതത്തിലെ ഗൃഹനാഥനായിരിക്കണം. അതേ സമയം അവളെ ആത്മാർത്ഥമായി സ്നേഹിക്കണം. ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെയാണു സ്നേഹിക്കേണ്ടത്. അവൻ വീട്ടുസംരക്ഷകനായിരിക്കുന്നതോടൊപ്പം കുടുംബത്തെ നന്നായി ഭരിക്കുന്നവനുമായിരിക്കണം. മറ്റുള്ളവരുടെ മുമ്പിൽവച്ചു ഭാര്യയെ താറടിച്ചു കാണിക്കരുത്.



ഒരുപക്ഷേ, ദാമ്പത്യ ജീവിതം നയിച്ചുപോകവെ അനേകവർഷങ്ങൾക്കു ശേഷം അവളുടെ ഒരു സതീർത്ഥ്യനെ യാദൃശ്ചികമായി കണ്ടുമുട്ടുമ്പോൾ ഒന്നു മിണ്ടിയെന്നുവരാം. അന്നേരം അവളെ ചുമ്മാതങ്ങു സംശയിക്കുകയോ ശകാരിക്കുകയോ ചെയ്യരുത്. മക്കളെ അനുസരണത്തിൽ വളർത്തണമെന്ന് അപ്പനുദ്ദേശ്യമുണ്ടെങ്കിൽ ഭാര്യയോടു സംശയാലുവായി പെരുമാറരുത്. അവരെ മേശയ്ക്കുചുറ്റും ഒലിവുതൈകളാക്കണം. ഭർത്താവു അലസമായി സമയം പാഴാക്കാതെ കഠിനമായി അദ്ധ്വാനിച്ച് കുടുംബത്തിനുവേണ്ടി ധനം കരുതിവയ്ക്കാൻ ശ്രമിക്കണം.

ഭർത്താവും ഭാര്യയും ആഹ്ലാദ സന്ദർഭങ്ങൾ ജീവിതത്തിൽ ഒരുക്കണം. തൊടുന്നതിനെല്ലാം അവളെ വഴക്കു പറയുവാനൊരുമ്പെടരുത്. ഭാര്യയിൽ തെറ്റുണ്ടായാൽ ക്ഷമിക്കയാണു വേണ്ടത്. പരസ്പരം പൊറുക്കണം. ഭർത്താവിനു കോപം വന്നാലും ഭാര്യയെ അടിക്കരുത്.. ഒന്നു രൂക്ഷമായി നോക്കിയാൽ മതി. അടിക്കേണ്ട കാരണം ഉണ്ടായപ്പോഴും കൈയൂക്കുണ്ടായിട്ടും ഞാനടിച്ചിട്ടില്ല. കാരണം എന്റെ ഫാദർ എന്റെ മദറിനെഅടിച്ചു ഞാൻ കണ്ടിട്ടില്ല. കോപം വന്നപ്പോൾ ഞാൻ 'സ്റ്റുപ്പിഡ് 'എന്നു വിളിച്ചുപോയിട്ടുണ്ട്.. മനസ്സിൽ വച്ചുപെരുമാറുന്നതിലും ഭേദം അങ്ങനെ വല്ലോം പറഞ്ഞ് പ്രശ്നം അവസാനിപ്പിക്കുന്നതല്ലേ? അങ്ങനെ പറഞ്ഞതിനു ഞാൻ ക്ഷമ ചോദിച്ചിട്ടുമുണ്ട്.

എന്തുകൊണ്ടെന്നാൽ അവരോടു കയ്പ്പായിരിക്കരുതെന്നാണ് പൗലൊസ് അപ്പൊസ്തലൻ കൊലൊസ്യലേഖനം മൂന്നാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നത്. എല്ലാറ്റിനും മീതെ സമ്പൂർണ്ണതയുടെ സ്നേഹം ധരിക്കണമെന്നും ഉപദേശിച്ചിട്ടുണ്ട്. അതിനുപകരം ചിലർ സമ്പൂർണ്ണമായി അധിക്ഷേപിക്കുകയായിരിക്കും പതിവ്. അങ്ങനെ ചെയ്യരുത്. ഭർത്താവു ഭാര്യയെ വിശ്വസിച്ചെങ്കിലേ കുടുംബജീവിതം സന്തുഷ്ടമായി നീങ്ങുകയുള്ളു. അതുപോലെ ഭാര്യയും ഭർത്താവിനെ വിശ്വസിക്കണം. വിശ്വാസത്തിനു പാളിച്ചവരുമ്പോൾ പരസ്പരം കർത്തൃസന്നിധിയിൽ പ്രാർത്ഥിച്ച് ഡൗട്ടു തീർത്ത് സുസ്മേരവദനരായിത്തീരണം. ഒരു പ്രശ്നം ഉണ്ടായെന്നുവച്ച് പിരിയാൻ ഒരിക്കലും പദ്ധതിയിടരുത്. ദൈവം കൂട്ടിച്ചേർത്തതിനെ മനുഷ്യൻ വേർപിരിക്കുവാൻ മുതിരരുത്. അങ്ങനെ തുനിഞ്ഞാൽ ജീവിതം ദുഃഖപര്യവസായിയായിത്തീർന്നേക്കാം.

ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്കു തലയാകുന്നതുപോലെ ഭർത്താവ് ഭാര്യയ്ക്കു തലയാകുന്നു (എഫെസ്യർ 5:23) എന്ന് വചനം ഓർമ്മിപ്പിക്കുന്നു.

ഇനിയും ഭാര്യമാരുടെ കാര്യം എടുക്കാം. അവർ കർത്താവിൽ ഉചിതമാകുംവണ്ണം ഭർത്താക്കന്മാർക്കു കീഴടങ്ങണമെന്നു വചനം നിർദ്ദേശിക്കുന്നുണ്ട്. കീഴടങ്ങണമെന്നുദ്ദേശിക്കുന്നത് തൊട്ടതിനും പിടിച്ചതിനുമൊക്കെ കീഴടങ്ങണമെന്നാണോ? അവൾക്കാവശ്യത്തിനുള്ള സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കണം. ഭാര്യയ്ക്ക് ഇഷ്ടമില്ലാത്ത ഒരു കാര്യം അവളെ ഇഷ്ടപ്പെടുത്താൻ ഭയപ്പെടുത്തി സമ്മർദ്ദം ചെലുത്തുന്നത് ശരിയാണോ? ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സ്വാതന്ത്ര്യം സമമായിരിക്കണമെന്ന തത്ത്വത്തോടു എനിക്ക് വലിയ യോജിപ്പില്ല. എങ്കിലും അവൾ ഭർത്താവിനു വിധേയപ്പെട്ടിരിക്കണം. അവനെ എപ്പോഴും ബഹുമാനിക്കണം. ഭാര്യയ്ക്ക് ഇഷ്ടമുള്ളപ്പോൾ മാത്രം ബഹുമാനിച്ചാൽ പോരാ. എല്ലാക്കാലത്തും ബഹുമാനം കൊടുത്തുകൊണ്ടിരിക്കണം. ഭർത്താവിനോടു മതിപ്പുള്ളവളാകുകയും അഭിനന്ദിക്കേണ്ട സ്ഥാനത്ത് അഭിനന്ദിക്കുകയും വേണം. ഭർത്താവിനു വേണ്ടി എന്നും പ്രാർത്ഥിക്കുകയും നല്ലകാര്യത്തിനുവേണ്ടിയെല്ലാം ഉത്സാഹിപ്പിക്കുകയും വേണം.

കുട്ടികളെ നേർവഴിയിൽ പരിശീലിപ്പിക്കുവാൻ സദാ സന്നദ്ധയാകണം. പണമിടപാടിലൊക്കെ വിശ്വസ്തയായിരിക്കണം. സ്ത്രീ മാന്യമായ വസ്ത്രം ധരിക്കണം. കിടക്ക നിർമ്മലമായി സൂക്ഷിക്കണം. അതിഥിസൽക്കാരവിഷയത്തിൽ മുൻകൈ എടുക്കണം. ഭർത്താവുമൊത്ത് ചിരിക്കുകയും സല്ലപിക്കുകയും പൂന്തോട്ടത്തിലൊക്കെ സമ്മേളിച്ച് കാറ്റുകൊള്ളുകയും വേണം. ടൂർ പ്രോഗ്രാമിൽ ഭാര്യയും ഭർത്താവും പങ്കുചേരണം. ഭർത്താവിന്റെ അനുവാദമില്ലാതെ ഒന്നിനും പോകരുത്. ഫോറിൻ സ്റ്റൈലനുസരിച്ച് ഭർത്താവിനെ നീയെന്നും അവനെന്നും എടാപോടായെന്നും വിളിക്കരുത്. സാറാ അബ്രഹാമിനെ യജമാനനെന്ന് വിളിച്ചിരുന്നു. പക്ഷേ അത് അന്തകാലത്തായിരുന്നു. ഇന്ന് അങ്ങനെ അധികം പേരും വിളിക്കുമെന്നു തോന്നുന്നില്ല. മാതാപിതാക്കളും മക്കളുമൊത്ത് മുടങ്ങാതെ കുടുംബപ്രാർത്ഥന നടത്തണം. വേദപുസ്തകം എല്ലാ അംഗങ്ങളും വായിക്കണം. ഇടയ്ക്കിടയ്ക്ക് സഭയിലെ മൂപ്പനെയോ ഉപദേഷ്ടാവിനെയോ വിളിച്ച് ഷെയർ ചെയ്യുകയും പ്രാർത്ഥിപ്പിക്കുകയും ചെയ്യണം. കുട്ടികൾ കാൺകെ സുവിശേഷകന്മാർക്കു സംഭാവനകൊടുക്കണം. സാമ്പത്തികമായി കുടുംബം ഉയരുമ്പോൾ യഥാശക്തി മറ്റുള്ളവരെ സഹായിക്കാൻ വിസ്മരിക്കരുത്. അറുത്തകൈയ്ക്ക് ഉപ്പിടാത്ത മനോഭാവം

ഉപേക്ഷിക്കണമെന്നു സാരം.

മക്കൾക്കു സകല സ്വത്തും നിരുപാധികം എഴുതിക്കൊടുക്കാതെ സമ്പത്തിന്റെ ഒരു ഭാഗം മാതാപിതാക്കളുടെ പേരിൽ നിലനിർത്തിക്കൊള്ളണം. വൃദ്ധസദനത്തിൽ പോകാനിടവരാതിരിക്കത്തക്കവണ്ണം മുന്നമേ മക്കളുമായി കൂടിയാലോചിച്ച് മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു വയ്ക്കുന്നത് നല്ലതായിരിക്കും. ബാങ്കിൽ നിന്ന് ഓവറായി പണം കടമെടുത്ത് പലിശയ്ക്കുമേൽ പലിശവന്ന് ഒടുവിൽ ജപ്തിനോട്ടീസ് കിട്ടാൻ ഇടവരുത്തരുത്. ജീവിതത്തിന്റെ സായാഹ്നവേളയിൽ സന്തോഷത്തിലും സംതൃപ്തിയിലും കടന്നു പോകത്തക്കവണ്ണമുള്ള ക്രമീകരണം ഉണ്ടായിരിക്കണം. എപ്പോഴും ഭാര്യ വീട്ടിനകത്ത് ഫലപ്രദമായ മുന്തിരിവള്ളിപോലെയും മക്കൾ മേശയ്ക്കുചുറ്റും ഒലിവുതൈകൾ പോലെയുമിരിക്കണം. അങ്ങനെ ആയുഷ്ക്കാലമൊക്കെയും യെരുശലേമിന്റെ നന്മയെക്കണ്ട് മക്കളെയും മക്കളുടെ മക്കളെയും ചുംബിച്ച് സമാധാനത്തോടെ പറന്നുയരുവാൻ ഇടവരണം (സങ്കീ. 128) അതിനായി ദൈവം സഹായിക്കട്ടെ.

# ഗുഡ്ന്യൂസ് മിനിസ്ട്രീസ് പവർ വിഷനിൽ

2014 മെയ് മാസം 3-ാം തീയതി ശനിയാഴ്ച മുതൽ എല്ലാ ശനിയാഴ്ചയും വൈകിട്ട് 5.30 മുതൽ 6 മണി വരെ ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ **രക്ഷാമാർഗ്ഗം** എന്ന ടെലിവിഷൻ പരിപാടി പവർ വിഷൻ ടി.വിയിൽ കാണാവുന്നതാണ്. ടെലിവിഷനിലൂടെ നിർമ്മല സുവിശേഷം അറിയിക്കുവാൻ സുദീർഘ വർഷങ്ങളായി ഞങ്ങൾ ആഗ്രഹിച്ചു കൊണ്ടിരുന്നതാണ്. ആ അവസരം ഇപ്പോൾ ഞങ്ങൾക്കു ലഭ്യമായത് ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

ഡോ. ചാൾസ് ജോൺ, ബ്രദർ സി.വി. തോമസ് (പെരിങ്ങമല), ബ്രദർ ജയിംസ് മുണ്ടക്കയം മുതലായവരുടെ സന്ദേശങ്ങൾ ആണ് ഞങ്ങളുടെ പ്രക്ഷേപണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

എല്ലാ ശനിയാഴ്ചയും ഉള്ള ഞങ്ങളുടെ പരിപാടികളിലേക്കു സ്വാഗതം. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്നു.

# "സെമിത്തേരിക്കു വേണ്ടി അനുഗമിക്കുന്നവർ"

ബ്രദർ. പി. വി. സന്തോഷ്, വയനാട്

വളരെ നാളുകൾക്കു ശേഷം പള്ളിയിൽ പോയിവന്ന ഒരു അപ്പച്ചൻ ഈ ലേഖകനോട് പറഞ്ഞു "ആണ്ടിൽ ഒരിക്കലെങ്കിലും പള്ളിയിൽ പോയില്ലെങ്കിൽ ചത്താൽ കുഴിച്ചിടൽ ഉണ്ടാകില്ല. ചത്തവന് മൂക്കിൽ പഞ്ഞിയും വച്ച് പെട്ടിയിൽ കിടന്നാൽ മതി ജീവിച്ചിരിക്കുന്നവർക്കാണ് ബുദ്ധിമുട്ട്. അതുകൊണ്ട് പള്ളിയുമായിട്ട് ഒരു സഹകരണം ഒക്കെ ആവശ്യമാണ്. ഈ അപ്പച്ചന്റെ കാഴ്ചപ്പാട് വളരെ വിചിത്രമായി തോന്നി.

കഴിഞ്ഞ ദിവസം ഒരു സുഹൃത്തിനെ ബൈബിൾ ക്ലാസ്സിന് വിളിച്ചപ്പോൾ "നിങ്ങളുടെ ശവക്കോട്ട എവിടെയാണ്" എന്ന് ചോദിച്ചു. രക്ഷിക്കപ്പെട്ട ഉടനെ മരണമാണ് ഇവർ ചിന്തിക്കുന്നത്. അനേകർ ദൈവത്തെ ആരാധിക്കുവാനും പ്രാർത്ഥിക്കുവാനും അല്ല പള്ളിയിൽ പോകുന്നത്. മരിച്ചാൽ ശവമടക്ക്, മക്കളുടെ കല്ല്യാണം നടക്കണം.... അങ്ങനെ .... എത്രയെത്ര കാര്യങ്ങൾക്ക് വേണ്ടിയാണ്.

ബി.സി. 700-ൽ ജീവിച്ചിരുന്ന യെശയ്യാ പ്രവാചകൻ പ്രവചിച്ചു. ഈ ജനം വാക്കു കൊണ്ടു മാത്രം എന്നെ സമീപിക്കുകയും അധരം കൊണ്ട് മാത്രം ആരാധിക്കുകയും ചെയ്യുന്നു. ഇവരുടെ ഹൃദയം എന്നിൽ നിന്ന് അകന്നിരിക്കുന്നു. (യെശയ്യാ 29:13) യേശുവിന്റെ വചനത്തെ ചോദ്യം ചെയ്യാൻ വന്ന പരീശരേയും നിയമജ്ഞരേയും നോക്കി ക്രിസ്തു അരുളി: കപടഭക്തിക്കാരേ യെശ യ്യാവ് നിങ്ങളെപ്പറ്റി ശരിയായി പ്രവചിച്ചു (മത്താ യി 15:8-9)

ക്രിസ്തുവിന്റെ ഐഹിക ജീവിതത്തിൽ അനേകർ അനുഗമിച്ചു. ഇവരുടെ കാഴ്ചപ്പാടും ഇന്ന് ഉള്ളവരെപ്പോലെ വ്യത്യസ്തമായിരുന്നു. അത്ഭുതങ്ങൾ കാണുവാൻ, ഇവൻ



ആരാണ് എന്ന് അറിയുവാൻ, മറ്റുള്ളവരെ പേടിച്ച് രഹസ്യമായി അനുഗമിച്ചവർ, ക്രിസ്തു വരുവാനുള്ള രക്ഷകൻ ആണെന്നും ജീവന്റെ വചസ്സുകൾ ഇവനിൽ ഉണ്ടെന്നും അറിഞ്ഞ് ഭൗതികമായ എല്ലാംവിട്ട് വചനങ്ങൾ കേൾക്കുവാനും ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും രക്ഷകനെ സ്വീകരിക്കുവാനും വേണ്ടി അനുഗമിച്ചവർ.

ഒരിക്കൽ ഇതാ വലിയ പുരുഷാരം യേശുവിനെ അന്വേഷിച്ച് വന്നിരിക്കുന്നു. ശിഷ്യന്മാർ വളരെ സന്തോഷിച്ചു കാണും. ഇനി വചനങ്ങൾ പറയാൻ ഞങ്ങൾക്ക് ഗ്രാമങ്ങൾ തോറും പോകേണ്ടതില്ല. ജനങ്ങൾ ഞങ്ങളെ ത്തേടി വരുന്നു. എന്നാൽ ഹൃദയങ്ങളെ അറിയുന്ന കർത്താവിന് കാര്യം മനസ്സിലായി.

"ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങൾ അടയാളം കണ്ടതു കൊണ്ടല്ല, അപ്പം തിന്നു തൃപ്തരായതുകൊണ്ടത്രേ എന്നെ അന്വേഷിക്കുന്നതു'' (യോഹ6:26)

അപ്പം തിന്നാൻ വേണ്ടി അന്വേഷിക്കുന്ന ഒരു വലിയ കൂട്ടം ജനങ്ങൾ. ഇന്ന് ക്രിസ്തു അത്ഭുതം പ്രവർത്തിച്ചില്ലെങ്കിലും ഇന്നലെ ബാക്കിവച്ച പന്ത്രണ്ടു കുട്ട അപ്പം എവിടെയാണ് എന്ന് അറിഞ്ഞാലും മതി. നാം ഇതിൽ ഏതു തരത്തിൽ ഉള്ള ശിഷ്യന്മാർ ആണ്? ചിന്തിക്കുക.

ക്രിസ്തീയ കുടുംബത്തിൽ ജനിച്ചതു കൊണ്ടോ പള്ളിയുടെ രജിസ്റ്ററിൽ പേര് വന്നതുകൊണ്ടോ, ആചാരാനുഷ്ഠാനങ്ങൾ

കൊണ്ടോ ഒരുവനും ക്രിസ്ത്യാനി ആകുന്നില്ല. വിമാനത്തിൽ വച്ച് ഒരു പ്രസവം നടന്നതുകൊണ്ട് ആ ശിശു വളരുമ്പോൾ പൈലറ്റൊ വിമാന ജോലിക്കാരനൊ ആകണമെന്നില്ലല്ലോ? ക്രിസ്തുവിൽ ജനിച്ച് വചനങ്ങൾ അനുശാസിക്കുന്ന രീതിയിൽ ക്രിസ്തുവിന്റെ പാത പിൻപറ്റുന്നവർ ആണ് ക്രിസ്ത്യാനികൾ. "ജഡത്താൽ ജനിച്ചതു ജഡമാകുന്നു. ആത്മാവിനാൽ ജനിച്ചതു ആത്മാവ് ആകുന്നു" (യോഹ 3:6). പഴയ പാപസ്വഭാവങ്ങൾ പാടേ മാറ്റി ക്രിസ്തുവിൽ പുതിയ മനുഷ്യനെ ധരിക്കണം. "അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അധികാരം കൊടുത്തു. (യോഹ 1:12)

ദൈവവചനത്തിൽ നിലനിന്ന് കഷ്ടതയാകുന്ന ക്രൂശ് എടുത്ത് നാൾതോറും ക്രിസ്തുവിനെ അനുഗമിക്കണം. ഭൗതികമായ കാഴ്ചപ്പാടിൽ ക്രിസ്തുവിനെ അനുഗമിച്ചാൽ അനന്യാസിനെയും സഫിരയെയും പോലെ ഒരു കുഴിച്ചിടൽ മാത്രമേ ഉണ്ടാകുകയുള്ളൂ. എന്നാൽ ക്രിസ്തുവിനെ വിശ്വസിച്ച് പിൻപറ്റുന്ന ശിഷ്യന്മാരുടെ എല്ലാകാര്യങ്ങളിലും ക്രിസ്തു ശ്രദ്ധാലുവാണ്. അഖിലാണ്ഡത്തെ സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവം തന്റെ മക്കളുടെ ചെറിയ കാര്യത്തിൽ പോലും ബദ്ധശ്രദ്ധനാണ്. "എന്തു തിന്നും, എന്തു കുടിക്കും എന്നു നിങ്ങളുടെ ജീവന്നായിക്കൊണ്ടും. എന്ത് ഉടുക്കും എന്നു ശരീരത്തിന്നായിക്കൊണ്ടും വിചാരപ്പെടരുത്. ആഹാരത്തേക്കാൾ ജീവനും ഉടുപ്പിനെക്കാൾ ശരീരവും വലുതല്ലയോ? മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും". (സെമിത്തേരി അടക്കം) (മത്തായി 6:25,33)

പൗലൊസ് പറയുന്നു. "ഒന്നിനെ കുറിച്ചും വിചാരപ്പെടരുത്". (ഫിലി 4:6) കാര്യങ്ങൾ അറിഞ്ഞ് നിറവേറ്റിയ ക്രിസ്തുവിന് ഇന്നും മാറ്റമില്ല (എബ്രാ. 13:8)

അതുകൊണ്ട് വചനം അനുശാസിക്കുന്ന ഒരു ജീവിതം നയിച്ചുകൊണ്ട് ആചാരം കൊണ്ട് ക്രിസ്ത്യാനി ആകാതെ വിശ്വാസം കൊണ്ട് ഒരു യഥാർത്ഥ ക്രിസ്ത്യാനിയായി ക്രിസ്തുവിനെ അനുഗമിക്കാം. ശവമടക്ക് മാത്രമാണ് ലക്ഷ്യമെങ്കിൽ അത് ഭംഗിയായി നടക്കും ഒന്നാം പുനരുത്ഥാനത്തിൽ പങ്ക് ഉണ്ടാകയില്ല എന്ന് ഓർത്താൽ നന്ന്.

## അഭിനന്ദനങ്ങൾ

'പുതു തലമുറയുടെ വളർച്ചയിൽ ക്രൈസ്തവ വനിതകളുടെ പങ്ക്' എന്ന വിഷയത്തെ ആസ്പദമാക്കി സ്ത്രീകൾക്കുവേണ്ടി ക്രൈസ്തവ വനിത മാഗസിൻ നടത്തിയ ഉപന്യാസ മത്സരത്തിൽ ഒന്നും, രണ്ടും സ്ഥാനം നേടിയവർക്ക് ഞങ്ങളുടെ ഹൃദയംഗമമായ അഭിനന്ദനങ്ങൾ

ഒന്നാം സ്ഥാനം : മോളിക്കുട്ടി ചാക്കോ, പാടിയോട്ടുചാൽ (Rs. 500/-)

രണ്ടാം സ്ഥാനം : മോളി ജോർജ്ജ്, തിരുവനന്തപുരം (Rs. 250/-)

# വാർദ്ധക്യത്തിലേക്കു കടന്നു വന്നുകൊണ്ടിരിക്കുന്നവരോട്

**ഡോ. കുഞ്ഞുമോൻ ചാക്കോ കോട്ടയം**

"വാർദ്ധക്യം പെട്ടെന്ന് വന്നെത്തുന്ന ഒരവസ്ഥയല്ല. ജനനശേഷം ഓരോ പിറന്നാളുകൾ ആഘോഷിക്കുമ്പോഴും നാം വാർദ്ധക്യത്തിലേക്കു നടന്നടുക്കുകയാണ്. തുടക്കത്തിൽ ഞാൻ പറഞ്ഞതുപോലെ ശൈശവം ബാല്യം കൗമാരം യൗവനം എന്നീ നാലു ഘട്ടങ്ങളിൽ ജീവിച്ചു കഴിഞ്ഞാണ് നമ്മൾ വാർദ്ധക്യത്തിലെത്തിച്ചേരുന്നത്. അതായത് ആരും അപ്രതീക്ഷിതമായി ഒരു സുപ്രഭാതത്തിൽ വൃദ്ധരാകുന്നില്ല.

ഇവിടെ മനുഷ്യന്റെ ജീവിതത്തിനു മാത്രമാണ് ദീർഘമായ തയ്യാറെടുപ്പ് ആവശ്യമായിരിക്കുന്നത്. ജീവിക്കാൻ പരിശീലനം ഏറെ ആവശ്യമുള്ളതും സങ്കീർണ്ണമായ മനുഷ്യജീവിതത്തിനാണ്. പശു പ്രസവിച്ചാൽ രണ്ടു മണിക്കൂറിനകം കിടാവ് അമ്മയുടെ പാൽ നുകരാൻ അകിടുതേടിയെത്തും. അതിനാരുടേയും സഹായം ആവശ്യമില്ല, ആരും പഠിപ്പിക്കേണ്ടതുമില്ല. ഒരാഴ്ചയ്ക്കകം അതു തനിയെ പുല്ലു തിന്നുവാനും തുടങ്ങും. ആനക്കുട്ടി ഉണ്ടായാലും കാര്യങ്ങളുടെ ഗതി ഇങ്ങനെ തന്നെ. മുട്ടവിരിഞ്ഞ് കോഴിക്കുഞ്ഞുങ്ങൾ ഉണ്ടായാൽ തുടർന്നു ചുരുക്കം ചില ദിവസങ്ങളിലേക്ക് തള്ളക്കോഴി തീറ്റ ചികഞ്ഞുകൊടുക്കും, ശത്രുമൃഗങ്ങളിൽ നിന്നും പക്ഷികളിൽ നിന്നും സംരക്ഷിക്കുകയും ചെയ്യും. എന്നാൽ ഏറെ വൈകാതെ എല്ലാത്തിനേയും കൊത്തിപ്പിരിക്കും. "പൊയ്ക്കോ, ഇനി നീ നിന്റെ കാര്യം നോക്കിക്കോ" എന്നാണതിനർത്ഥം. നമുക്കു ചുറ്റുമുള്ള പ്രകൃതിയിൽ, അതായതു മൃഗങ്ങളിലും പക്ഷികളിലും ഉരഗങ്ങളിലും ഉഭയജീവികളിലും ജലജന്തുക്കളിലുമെല്ലാം നിലനില്ക്കുന്ന വ്യവസ്ഥിതി ഇതു തന്നെയാണ്.

എന്നാൽ മനുഷ്യന്റെ കാര്യം തികച്ചും



വ്യത്യസ്തമാണ്. മനുഷ്യശിശുക്കൾക്ക് ദീർഘകാല സംരക്ഷണവും സുരക്ഷിതത്വവും അത്യന്താപേക്ഷിതമാണ്. അഞ്ചു വയസ്സു വരെ പൂർണ്ണമായും മാതാപിതാക്കളുടെ കൂടെ, പിന്നീടുള്ള പത്തു വർഷം അടിസ്ഥാന വിദ്യാഭ്യാസം. പിന്നെയും ഉപരിപഠനത്തിനായി കുറഞ്ഞതു പത്തുവർഷം. അങ്ങനെ പഠനവും പരിശീലനവുമായി കാല്നൂറ്റാണ്ടു കഴിഞ്ഞു പോകുന്നു.

പിന്നെ ഉദ്യോഗം, വിവാഹം. ഇവിടെ കർത്തവ്യങ്ങളുടെയും കടപ്പാടുകളുടെയും തുടക്കം കുറിക്കുന്നു. ഭാവിയെക്കുറിച്ചുള്ള ആശങ്കകളും കരുതലുകളും ആരംഭിക്കുന്നു. നമ്മുടെ നാടൻഭാഷയിൽ പറഞ്ഞാൽ "കുടുംബമായി, കുട്ടികളായി, പ്രാരാബ്ധമായി...."

കാലം കടന്നു പോകുമ്പോൾ ആൺകുട്ടി ഭർത്താവും അച്ഛനും മുത്തച്ഛനുമൊക്കെയായി മാറുന്നു. അതുപോലെ പെൺകുട്ടി ഭാര്യയും അമ്മയും അമ്മൂമ്മയുമായി മാറുന്നു. ആരിലും യൗവ്വനം എന്നെന്നും നിലനില്ക്കുകയില്ല. 'നിത്യയൗവ്വനം' സുന്ദരമായ ഒരു സങ്കല്പം മാത്രമാണ്. അതുകൊണ്ട് അറുപതു വയസ്സുവരെയുള്ള ജീവിതകാലത്ത് അതിനു ശേഷമുള്ള ജീവിതത്തിനുവേണ്ടി ക്രിയാത്മകമായി ഒരുങ്ങേണ്ടതുണ്ട്. എന്താണ് ഈ 'ക്രിയാത്മകമായി ഒരുങ്ങൽ' എന്നു പലരും സംശയിച്ചേക്കാം. തുടർന്നുള്ള കാലത്തെ ജീവിതത്തെക്കുറിച്ച് വ്യക്തമായ ഒരു ധാരണയും അവബോധവും ഉണ്ടാവുക എന്നതാണ് ഏറ്റവും പ്രധാനം.

ശരീരത്തെ ശിക്ഷണത്തിൽ കൊണ്ടുപോകണം. ഭക്ഷണത്തിൽ നിയന്ത്രണവും ക്രമീകരണവും വേണം. ഭാവിയിലേക്കുള്ള കരുതലുകൾ വേണം. പണം കൈകാര്യം ചെയ്യുന്നതിൽ കടുത്ത നിയന്ത്രണം പാലിച്ചേ തീരു. ഉറുമ്പിനെ നോക്കി ബുദ്ധി പഠിക്കുവാൻ സോളമൻ ഉപദേശിക്കുന്നത് ഇങ്ങനെയാണ്. "വേനല്ക്കാലത്ത് അത് അതിന്റെ ആഹാരം ശേഖരിച്ചു വയ്ക്കുന്നു." വേനലും കൊയ്ത്തും സമൃദ്ധിയുമൊക്കെ കഴിഞ്ഞുപോകുമെന്നും തുടർന്നു മഴക്കാലവും ശീതകാലവും വരുമെന്നും ഉറുമ്പിനറിയാം. അതു കരുതിയാണ് ഉറുമ്പ് ഭക്ഷണം സൂക്ഷിച്ചു വയ്ക്കുന്നത്.

ഇപ്പോൾ നിങ്ങൾ ഒരു മധ്യവയസ്ക്കനായിരിക്കാം. മുടി അവിടവിടെ നിറം മാറിത്തുടങ്ങി. മുല്ലമൊട്ടുകൾ പോലിരുന്ന പല്ലുകൾക്കു പലതിനും കേടും വേദനയുമാണ്. നിങ്ങൾ ആഗ്രഹിക്കാതെ തന്നെ ഒരു കണ്ണാടി മുഖത്തു കയറിക്കൂടി. ഇനി ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഷുഗറോ, പ്രഷറോ, കൊളസ്ട്രോളോ ഒക്കെ പിടിപെട്ടു എന്നു വരാം. അതെ, നിങ്ങൾക്കും പ്രായമാവുകയാണ്!

വാർദ്ധക്യത്തിൽ നിന്നു നിങ്ങൾ വളരെ അകലത്തിലല്ല. വൃദ്ധരായ മാതാപിതാക്കൾ ജീവിച്ചിരിപ്പുണ്ടെങ്കിൽ അവരെ സശ്രദ്ധം വീക്ഷിക്കുക. അവരുടെ പെരുമാറ്റവും പരിമിതികളും കാണുക. പഴിക്കാനും അക്ഷമകാട്ടാനും വരട്ടെ. കാരണം നിങ്ങൾ മാതാപിതാക്കളോട് എങ്ങനെ പെരുമാറുന്നുവെന്നും അവരുടെ ആവശ്യങ്ങളേയും അവശതകളേയും എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്നും സശ്രദ്ധം വീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരിളം തലമുറ നിങ്ങളോടൊപ്പമുണ്ട്; നിങ്ങളുടെ മക്കൾ. അവർക്ക് നിങ്ങൾ പാഠപ്പുസ്തകങ്ങളാണെന്നു മറക്കരുത്.

2010-ൽ ഞാനും എന്റെ ഭാര്യ ജയിനമ്മയും ഇളയ മകൻ ബിന്നിയോടും കുടുംബത്തോടൊപ്പം ഏതാനും ദിവസങ്ങൾ ചെലവഴിക്കാനായി അബുദബിയിൽ പോയിരുന്നു. അവിടെവച്ച് എനിക്ക് ഗുരുതരമായ ബ്രോങ്കൈറ്റിസ് പിടിപ്പെട്ടു. ബിന്നി എന്നെ ഡോ. ബോബിയുടെ ക്ലിനിക്കിൽ കൊണ്ടുപോയി പത്തു ദിവസത്തിനിടെ അഞ്ചു പ്രാവശ്യം. തുടർന്നും അവിടെ പോകേണ്ടിവന്നു. അപ്പോഴൊക്കെ ബിന്നി, മകൻ ഡാരനേയും ഒപ്പം കൊണ്ടുവരുമായിരുന്നു. പ്രായമാകുന്ന അപ്പനെയും അമ്മയെയും എങ്ങനെ കരുതണം എന്ന മഹത്തായ പാഠം അവനെ ഇതിലും ശ്രേഷ്ഠമായി പഠിപ്പിക്കാനാവില്ലെന്ന് എന്റെ മകൻ മനസ്സിലാക്കിയിരുന്നിരിക്കണം.

എല്ലാ യാത്രകൾക്കും ഒരവസാനമുള്ളതു പോലെ ഈ ജീവിതയാത്രയും ഒരു ദിനം അവസാനിപ്പിച്ചേ മതിയാകൂ. അതുകൊണ്ട് അതിനു മുമ്പ് സാധിക്കേണ്ട കാര്യങ്ങൾ ഗൗരവമായി കണ്ടു തുടങ്ങാൻ വൈകരുത്. മകളുടെ വിവാഹമാകാം, വീടുപണിയാകാം, സാധിക്കേണ്ടതെല്ലാം സാധിക്കുക. ആർക്കും അവരവരുടെ കർത്തവ്യങ്ങളെല്ലാം പൂർണ്ണമായും നിർവ്വഹിച്ചു തീർക്കുവാൻ കഴിയുകയില്ല. എത്ര ശ്രമിച്ചാലും ചിലതെല്ലാം ബാക്കി ഉണ്ടായിരിക്കും എന്ന് പലരും പറയാറുണ്ട്. ഞാനവരുമായി ഒരു വാഗ്വാദത്തിനില്ല. You should do your best. ഒന്നും അസാധ്യമെന്നു കരുതി നിഷ്ക്രിയനായിരിക്കരുത്.

ദൈവവുമായി പങ്കുചേർന്ന് ജീവിക്കുക. ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ല. ജീവിതത്തിൽ നിന്നും ആർക്കും ഒളിച്ചോടാനാവില്ല. ജീവൻ തന്ന ദൈവം നമുക്കു നല്കിയ ആയുസ്സ് ജീവിച്ചു തീർത്തേ മതിയാകൂ. പക്ഷേ അതു ശ്രേഷ്ഠമായി ജീവിക്കണം. 'Old is Gold' എന്നു പറയാറുണ്ടല്ലോ. ഇവിടെ നിന്നും പോകുമ്പോൾ ഒരു 'വിടവു' സൃഷ്ടിച്ചേ പോകാവൂ. നമ്മുടെ അസാന്നിധ്യം മറ്റുള്ളവർക്കു ബോധ്യമാകണം. ഒരു നല്ല ജീവിതം ജീവിക്കുക എന്നതാണ് അതിനുള്ള ഏക മാർഗ്ഗം.

'പഴുത്ത പ്ലാവില വീഴുമ്പോൾ പച്ചപ്ലാവില ചിരിക്കും' എന്നൊരു പഴമൊഴിയുണ്ട്. നമ്മുടെയൊക്കെ പുരയിടത്തിൽ നാം ശ്രദ്ധിക്കുന്നില്ല എങ്കിലും ഓരോ വൃക്ഷത്തിലും ഈ

പ്രക്രിയ അനുസ്യൂതം നടന്നുകൊണ്ടിരിക്കുന്നു. തെങ്ങിൽ നിന്ന് ഉണങ്ങിയ ഓലമടൽ വീഴുമ്പോൾ ഇളം മടലുകൾ കാറ്റത്തിളകിയാടി സന്തോഷിച്ചു നില്ക്കുന്നതു കണ്ടിട്ടില്ലേ? 'വയസൻ പോയി പക്ഷേ എനിക്കു കുഴപ്പമൊന്നുമില്ല' എന്നാവാം അവ ചിന്തിക്കുന്നത്. പക്ഷേ അധികം താമസിക്കാതെ അവയിലും മഞ്ഞനിറം വീഴും, പിന്നീട് ഉണങ്ങും. അങ്ങനെ ഒരു ദിവസം തായ്ത്തടിയുമായുള്ള ബന്ധം അവസാനിക്കും.

ജ്ഞാനിയായ സോളമൻ ഈ അവസ്ഥയെ ഇങ്ങനെയാണു വിവരിച്ചിരിക്കുന്നത്: (സഭാപ്രസംഗി. 12:1–7)

*"നിന്റെ യൗവനകാലത്തു നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊൾക; ദുർദ്ദിവസങ്ങൾ വരികയും എനിക്ക് ഇഷ്ടമില്ല എന്നു നീ പറയുന്ന കാലം സമീപിക്കയും സൂര്യനും വെളിച്ചവും ചന്ദ്രനും നക്ഷത്രങ്ങളും ഇരുണ്ടുപോകയും മഴ പെയ്ത ശേഷം മേഘങ്ങൾ മടങ്ങിവരികയും ചെയ്യുംമുമ്പെ തന്നേ. അന്നു വീട്ടുകാവല്ക്കാർ വിറയ്ക്കും; ബലവാന്മാർ കുനിയും; അരയ്ക്കുന്നവർ ചുരുക്കമാകയാൽ അടങ്ങിയിരിക്കും; കിളിവാതിലുകളിൽകൂടി നോക്കുന്നവർ അന്ധന്മാരാകും; തെരുവിലെ കതകുകൾ അടയും; അരയ്ക്കുന്ന ശബ്ദം മന്ദമാകും; പക്ഷികളുടെ ശബ്ദത്തിങ്കൽ ഉണർന്നുപോകും; പാട്ടുകാരികൾ ഒക്കെയും തളരുകയും ചെയ്യും; അന്ന് അവർ കയറ്റത്തെ പേടിക്കും; വഴിയിൽ ഭീതികൾ ഉള്ളതായി തോന്നും; ബദാംവൃക്ഷം പൂക്കും; തുള്ളൻ ഇഴഞ്ഞു നടക്കും; രോചനക്കുരു ഫലിക്കാതെ വരും; മനുഷ്യൻ തന്റെ ശാശ്വത ഭവനത്തിലേക്കു പോകും; വിലാപം കഴിക്കുന്നവർ വീഥിയിൽ ചുറ്റി സഞ്ചരിക്കും. അന്നു വെള്ളിച്ചരട് അറ്റുപോകും; പൊൻകിണ്ണം തകരും; ഉറവിങ്കലെ കുടം ഉടയും; കിണറ്റിങ്കലെ ചക്രം തകരും. പൊടി പണ്ടു ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെ ചേരും; ആത്മാവ് അതിനെ നല്കിയ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോകും."*

വാർദ്ധക്യത്തിലെത്തിയ അപ്പനോടും അമ്മയോടും സാധിക്കുമെങ്കിൽ കൂടെക്കൂടെ സംസാരിച്ചുകൊണ്ടിരിക്കു. അവരുടെ താത്പര്യങ്ങൾ അന്വേഷിച്ചറിഞ്ഞുകൊണ്ടിരിക്കുക. നിങ്ങളുടെ കഴിവിനനുസരിച്ച് സഹായിക്കുക. ശാരീരികമായും അവർ ബലഹീനരാകുന്നു എന്നറിയുക. നിങ്ങൾ ഒരു കുട്ടി ആയിരുന്നപ്പോൾ അവർ നിങ്ങളെ എങ്ങനെ സ്നേഹിച്ചിരുന്നു എന്നോർക്കുക. അതുപോലെ നിങ്ങൾ അവരെയും സ്നേഹിക്കുന്നുവെന്ന് അവർ അറിയണം. അതിനു ദൈവംതരുന്ന അവസരമാണിത്.

ജീവശാസ്ത്രപരമായി നോക്കിയാൽ അധികം വൈകാതെ അവരുടെ കണ്ണുകൾ അടയും. അതിനുശേഷമിരുന്ന് പരിതപിച്ചിട്ടും പശ്ചാത്തപിച്ചിട്ടും ഒരു പ്രയോജനവുമില്ല. അതുകൊണ്ട് അവരെ ശുശ്രൂഷിക്കാനും സന്തോഷിപ്പിക്കാനും കിട്ടുന്ന ഒരവസരവും പാഴാക്കരുത്.

നല്ല പുസ്തകങ്ങൾ അവർക്ക് വായിക്കുവാൻ തിരഞ്ഞെടുത്തു നല്കുക. വായിച്ചു കേൾപ്പിക്കാൻ കഴിയുമെങ്കിൽ അതേറെ നല്ലത്. ആഴ്ചയിലൊരിക്കലെങ്കിലും ഒന്നു പുറത്തേക്കു കൊണ്ടുപോവുക ഇടയ്ക്കിടെ നിങ്ങളുടെ ശൈശവത്തിലെ ഓർമ്മകൾ അവരുമായി പങ്കുവയ്ക്കുക. അവരുടെ ജന്മദിനങ്ങളും വിവാഹവാർഷികവും ആഘോഷിക്കുക.

നിങ്ങളുടെ ജിവിതത്തിലെ ആദ്യചുവടുകൾ വയ്ക്കാൻ കൈപിടിച്ചു സഹായിച്ച മാതാപിതാക്കൾ, ഇന്നവരുടെ ജീവിതത്തിലെ അവസാനചുവടുകൾ വയ്ക്കുമ്പോൾ ആ ദുർബല ശരീരങ്ങൾക്ക് ഒരു താങ്ങും തണലും ആശ്വാസവുമായി ഒപ്പം നില്ക്കുക. അതിലും വലിയ ഒരു പുണ്യം വേറെന്തുണ്ട്?

# QUEST 36

(ഈ ലക്കം QUEST ലെ ചോദ്യങ്ങൾ ഗലാത്യർ, എഫെസ്യർ എന്നീ രണ്ടു ലേഖനങ്ങളിൽ നിന്നാണ്)

1. ഞാൻ യേശുവിന്റെ.........................എന്റെ ശരീരത്തിൽ വഹിക്കുന്നു.
2. ആത്മാവിനെ അനുസരിച്ചു നടക്കുന്നു എങ്കിൽ നിങ്ങൾ ......................... കീഴുള്ളവരല്ല.
3. സ്വതന്ത്രയുടെ മകൻ എങ്ങനെ ജനിച്ചിരിക്കുന്നു.
4. എങ്ങനെയാണ് സത്യം സംസാരിക്കേണ്ടത്?
5. ആരും......................... നിങ്ങളെ ചതിക്കരുത്.
6. ഈ പ്രമാണം അനുസരിച്ച് നടക്കുന്നവർക്ക് കിട്ടുന്നത് എന്താണ്?
7. സത്യത്തിന്റെ ഫലങ്ങൾ ഏതെല്ലാം?
8. വീണ്ടെടുപ്പുനാളിനായി എന്ത് മുദ്രയിട്ടിരിക്കുന്നു.
9. ......................... നിഷ്ഫലപ്രവൃത്തികളിൽ കൂട്ടാളികൾ ആകരുത്.
10. വെളിച്ചത്തിന്റെ ഫലങ്ങൾ ഏതെല്ലാം?
11. വചനം പഠിക്കുന്നവൻ പഠിപ്പിക്കുന്നവന് എല്ലാ നന്മയിലും ......................... കൊടുക്കേണം.
12. നമ്മുടെ അവകാശത്തിന്റെ അച്ചാരമായ ......................... മുദ്രയിട്ടിരിക്കുന്നു.
13. അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന ................... ഉണ്ട്?
14. അവൻ വന്ന് ദൂരത്തായിരുന്ന നിങ്ങൾക്ക് സമാധാനവും സമീപത്തുള്ളവർക്ക് .................... സുവിശേഷിച്ചു.
15. പരിച്ഛേദന ഏല്പാൻ ആരും അവനെ നിർബന്ധിച്ചില്ല. ആരെ?
16. വിശ്വാസം വന്ന ശേഷമോ നാം ഇനി ആരുടെ കീഴിൽ അല്ല?
17. ആത്മാവിൽ വിതെയ്ക്കുന്നവൻ ആത്മാവിൽ നിന്നും എന്ത് കൊയ്യും?
18. ക്രിസ്തേശുവിൽ പരിച്ഛേദനയല്ല, അഗ്രചർമ്മവുമല്ല, സ്നേഹത്താൽ വ്യാപരിക്കുന്ന എന്താണ് കാര്യം.
19. .........................അനുസരിച്ച് നടപ്പിൻ.
20. നാം ......................... ജാതികളിൽ നിന്നുള്ള പാപികളല്ല.

## പ്രത്യേക ശ്രദ്ധയ്ക്ക്

Quest 36 ന്റെ ഉത്തരങ്ങൾ റഫറൻസു സഹിതം
2014 June 20നകമായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്നു
അഭ്യർത്ഥിക്കുന്നു.

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം:**

ക്രൈസ്തവ വനിത ക്വിസ്
ഗുഡ്ന്യൂസ്, ആക്കുളം റോഡ്
തിരുവനന്തപുരം, കേരള 695 031.

## QUEST - 35 ന്റെ ഉത്തരങ്ങൾ

| | | |
|---|---|---|
| 1. | ശക്തനാകുന്നു | 2കൊരിന്ത്യർ12:10 |
| 2. | സാത്താൻ | 2കൊരിന്ത്യർ 2:11 |
| 3. | ആലയം | 2കൊരിന്ത്യർ 616 |
| 4. | വിശുദ്ധി | 2കൊരിന്ത്യർ 7:1 |
| 5. | സ്വാതന്ത്ര്യം | 2കൊരിന്ത്യർ 3:17 |
| 6. | ജഢികങ്ങൾ | 2കൊരിന്ത്യർ 10:4 |
| 7. | ലോഭമായി | 2കൊരിന്ത്യർ 9:6 |
| 8. | മൂന്നാം | 2കൊരിന്ത്യർ 12:2 |
| 9. | തീത്തോസിന്റെ | 2കൊരിന്ത്യർ 7:6 |
| 10. | വിശ്വാസത്തിൽ | 2കൊരിന്ത്യർ 13:5 |
| 11. | മൂടുപടം | 2കൊരിന്ത്യർ 3:16 |
| 12. | മരണത്തെ | 2കൊരിന്ത്യർ 7:10 |
| 13. | ദൈവശക്തിയാൽ | 2കൊരിന്ത്യർ 13:4 |
| 14. | ആശ്വാസവും | 2കൊരിന്ത്യർ 1:5 |
| 15. | ഉപേക്ഷിക്കപ്പെടുന്നില്ല | 2കൊരിന്ത്യർ 4:9 |
| 16. | തേജസ്സേറിയതായിരിക്കും | 2കൊരിന്ത്യർ 3:9 |
| 17. | ഹൃദയമെന്ന | 2കൊരിന്ത്യർ 3:3 |
| 18. | അരേതാ | 2കൊരിന്ത്യർ 11:32 |
| 19. | മക്കെദോന്യ | 2കൊരിന്ത്യർ 11:9 |
| 20. | ആത്മികവർദ്ധനെയ്ക്ക് | 2കൊരിന്ത്യർ 12:19 |

## QUEST 35 ന്റെ മുഴുവൻ ശരി ഉത്തരം അയച്ചവർ

1. മേഴ്സി ജോർജ്ജ്, മണ്ണുത്തി, തൃശ്ശൂർ
2. ജെസ്സി മോൻസൻ, കരിയംപ്ലാവ്, തിരുവല്ല.
3. യോഹന്നാൻ ഏബ്രഹാം, ജോൺസ് വില്ല, തിരുവനന്തപുരം
4. ശാമുവേൽ ജോസഫ് ആന്റണി, മണ്ടലം, കണ്ണൂർ
5. സോണി കെ.പി.,അയിരനല്ലൂർ, ഇടമൺ
6. അന്നമ്മ ഏബ്രഹാം, പെരുമാന്നൂർ, കൊച്ചി.
7. ബ്ലസി. കെ. ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട.
8. ശാന്തമ്മ വർഗ്ഗീസ്, മഞ്ചാടി, തിരുവല്ല
9. സൻജു സൂസൻ സെബാസ്റ്റ്യൻ, മന്നാറപ്പു, കളിയക്കാവിള
10. സി.എം. മാമ്മൻ, അണുശക്തിനഗർ, മുംബൈ
11. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട.
12. തങ്കമ്മ ദാനിയേൽ, കോസ്മോ ലെയിൻ, തൃശ്ശൂർ
13. നീലിമ വിനയകുമാർ, ഫാത്തിമാപുരം, ചങ്ങനാശ്ശേരി
14. പി. ബേബി ഇട്ടി, വൽസാഡ്, ഗുജറാത്ത്
15. ജിജി റോയി, മാഞ്ഞൂർ, കോട്ടയം
16. എൽസി സെബാസ്റ്റ്യൻ, കിളിക്കൊല്ലൂർ, കൊല്ലം
17. ജിജി പ്രമോദ്, കാവടിത്തലയ്ക്കൽ, തിരുവനന്തപുരം
18. വൽസമ്മ സാം, മരുതൂർ, തിരുവനന്തപുരം
19. മറിയമ്മ മാത്യു, കിഴക്കുംപാട്ടുകര, തൃശ്ശൂർ
20. അന്നമ്മ മാത്യു, നന്തൻകോട്, തിരുവനന്തപുരം
21. ആനി രാജു, നാലാഞ്ചിറ, തിരുവനന്തപുരം

# ക്രൈസ്തവ വനിതകൾക്കായി മത്സരം

ക്രിസ്തീയ വനിതകൾക്കുവേണ്ടി 'ക്രൈസ്തവ വനിത' ഉപന്യാസ മത്സരം നടത്തുന്നു. വിഷയം: "ആധുനിക തൊഴിൽ മേഖലകളിൽ ക്രൈസ്തവ വനിതാ സാന്നിധ്യത്തിന്റെ പ്രാധാന്യത" എന്നതാണ്. 15 വയസ്സിനു മുകളിലേക്കുള്ളവർക്കെല്ലാം മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. നിങ്ങളുടെ രചനകൾ നാല് A4 Size പേജിൽ കവിയരുത്. പേപ്പറിന്റെ ഒരുവശത്ത് മാത്രം വെട്ടിത്തിരുത്തലുകൾ ഇല്ലാതെ ഭംഗിയായി എഴുതി അയച്ചുതരിക. ഒന്നും, രണ്ടും സമ്മാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 500, 250 രൂപാ നല്കുന്നതാണ്.

നിങ്ങളുടെ രചനകൾ ഞങ്ങൾക്ക് ലഭിക്കേണ്ട അവസാനതീയതി ജൂൺ 20, 2014.

അയയ്ക്കേണ്ട വിലാസം:

**ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്**
ആക്കുളം റോഡ്, തിരുവനന്തപുരം 31
Ph: 0471- 2448079




ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെയും, മൂന്നാംമൂട് ക്രിസ്താസ്ശ്രമം CDC യുടേയും സംയുക്തഭിമുഖ്യത്തിൽ മാർച്ച് 29, 2014 മൂന്നാംമൂട് C.S.I. ചർച്ചിൽവച്ച് നടത്തപ്പെട്ട ഗുഡ്ന്യൂസ് കറസ്പോണ്ടൻസ് സ്കൂളിന്റെ ഗ്രാഡുവേഷൻ സർവ്വീസിൽ നിന്നുള്ള ഒരു ദൃശ്യം.

A bi-monthly publication by Good News Ministries, Akkulam Road, Trivandrum 695 031